

# മലയാള ഭാഷാസൂത്രണം:

## സമകാലിക ഭാഷാസാഹചര്യങ്ങളിൽ

എഡിറ്റർ: ഡോ. സ്മിത കെ. നായർ

**മലയാളഭാഷാസൂത്രണം :**
**സമകാലികഭാഷാസാഹചര്യങ്ങളിൽ**

•

എഡിറ്റർ
**ഡോ. സ്മിത കെ. നായർ**

•

പ്രസിദ്ധീകരണം : ഭാഷാശാസ്ത്രസ്കൂൾ
© തുഞ്ചത്തെഴുത്തച്ഛൻ
മലയാളസർവകലാശാല,
അക്ഷരം കാമ്പസ്, വാക്കാട് പി.ഒ, തിരൂർ,
മലപ്പുറം, കേരള - 676 502.
വില: ₹ 400

പ്രസിദ്ധീകരിച്ച വർഷം : ഒക്ടോബർ 2022
അച്ചടി : കാലിക്കറ്റ് യൂണിവേഴ്സിറ്റി
സെൻട്രൽ കോ-ഓപ്പറേറ്റീവ് സ്റ്റോർ
കവർ ഡിസൈൻ : ലിജീഷ് എം.ടി.
രൂപകല്പന : ബിയോണ്ട് പബ്ലിഷേഴ്സ്,
തിരുവനന്തപുരം-35

തുഞ്ചത്തെഴുത്തച്ഛൻ
മലയാളസർവകലാശാല
ഇ-മെയിൽ :
publication@temu.ac.in
ISBN 978-93-91808-18-1

**Malayala Bhashasoothranam :**
**Samakalika Bhasha saahacharyangalil**

•

Editor
**Dr. Smitha K. Nair**

•

Published by: Bhashasastraschool
© Thunchath Ezhuthachan
Malayalam University, Aksharam Campus,
Vakkad P.O., Tirur, Malappuram Dist.,
Kerala - 676 502.
Price: ₹ 400

First published: October 2022
Printed at : The Calicut University
Central Co-operative Stores Ltd.
Cover designed by: Lijeesh M. T.
Layout : Beyond Publishers,
Law College Jn. Thiruvananthapuram -35

Thunchath Ezhuthachan
Malayalam University
e-mail :
publication@temu.ac.in
ISBN 978-93-91808-18-1

No part of this book shall be reproduced in print or any other form of transmission without the written permission of the publisher, except for those purposes allowed by copyright law

# ഉള്ളടക്കം


1. ഭാഷാസൂത്രണവും ആഗോളീകരണവും — 11
*ഡോ. എച്ച്. കെ. സന്തോഷ്*

2. അധികാരവും ഭാഷാനയരൂപീകരണവും — 28
*ഡോ. സ്മിത കെ. നായർ*

3. കോളനീകരണത്തിന്റെ കണ്ണാടികൾ - ആസൂത്രണകാലത്തെ കാഴ്ചകൾ — 36
*ഡോ. രാകേഷ് ചെറുകോട്*

4. ഭാഷാസൂത്രണം : അടിസ്ഥാന സങ്കൽപ്പനങ്ങൾ — 43
*ഡോ. സി. സെയ്തലവി*

5. മാതൃഭാഷയും നവോത്ഥാനവും — 60
*ഡോ. കെ. എം. അനിൽ*

6. ഭാഷാനയവും ഭാഷാഭ്യസനവും — 78
*പ്രൊഫ. വി. കാർത്തികേയൻ നായർ*

7. ശാസ്ത്രമലയാളാസൂത്രണം — 84
*പ്രൊഫ. എം. ശ്രീനാഥൻ*

8. സാങ്കേതികപദ വിവർത്തനം ഗൃഹശാസ്ത്രം എന്ന പുസ്തകത്തെ ആസ്പദമാക്കിയുള്ള പഠനം — 103
*ഡോ. ജി. സജിന*

9. ഹയർസെക്കന്ററി ശാസ്ത്രവിഷയങ്ങളുടെ മലയാളം പരിഭാഷ: പന്ത്രണ്ടാം തലത്തിലെ ഭൗതികശാസ്ത്രം പാഠപുസ്തകത്തെ മുൻനിർത്തിയുള്ള പഠനം — 112
*അശ്വനി. എ. പി*

10. ജ്ഞാനനിർമ്മിതിവാദവും മാതൃഭാഷാപഠനവും - — 131
*ഡോ. അശോക് ഡിക്രൂസ്*

11. മലയാളഭാഷാസൂത്രണം സ്കൂൾ പാഠ്യപദ്ധതിയിൽ — 144
*ഡോ. രജനി സുബോധ്*

12. മാതൃഭാഷാമാധ്യമ വിദ്യാഭ്യാസത്തിന്റെ പ്രസക്തി — 151
*ഡോ. സുരേഷ് .പി*

13. മാതൃഭാഷ : സമീപനങ്ങൾ, നിലപാടുകൾ — 160
*ഡോ. സി. ഗണേഷ്*

5

# മാതൃഭാഷയും നവോത്ഥാനവും

ഡോ. കെ.എം. അനിൽ

## ഒന്ന്

ഇന്ത്യയുടെ സാംസ്കാരിക അന്തരീക്ഷവും പ്രാദേശികഭാഷകളുടെ വികാസവും ശക്തമായ അളവിൽ സംഭവിച്ചത് ഭക്തിപ്രസ്ഥാനത്തിന്റെ കാലത്താണ്. തമിഴ്, തെലുങ്ക്, കന്നഡ, മലയാളം തുടങ്ങിയ ദക്ഷിണേന്ത്യൻ ഭാഷകളും മറാഠി, ഭോജ്പുരി, പഞ്ചാബി തുടങ്ങിയ ഉത്തരേന്ത്യൻ ഭാഷകളും ഭക്തിസാഹിത്യത്തിലൂടെ തഴച്ചുവളർന്നു. ഭൂപ്രഭുത്വത്തിനും ജാതി വ്യവസ്ഥയ്ക്കും സംസ്കൃതാധിപത്യത്തിനുമെതിരെ ഇന്ത്യയിൽ വളർന്നുവന്ന പ്രതിരോധ സാഹിത്യധാരകളുടെ സമുച്ചയമാണ് ഭക്തിപ്രസ്ഥാനം. സാഹിത്യത്തിന്റെയും പാണ്ഡിത്യത്തിന്റേയും ഭാഷ സംസ്കൃതമാണെന്ന് ഉറച്ചുവിശ്വസിച്ചിരുന്ന ഒരു കാലമുണ്ടായിരുന്നു. ബ്രാഹ്മണാധിപത്യവും നാടുവാഴി വ്യവസ്ഥയും അരങ്ങുവാണ സന്ദർഭമായിരുന്നു അത്. കേരളത്തിൽത്തന്നെ അത്തരമൊരു സംഘർഷം നിലനിന്നിരുന്നതിന്റെ സൂചന എഴുത്തച്ഛനെക്കുറിച്ചും പൂന്താനത്തെക്കുറിച്ചും പ്രചരിച്ച ഐതിഹ്യങ്ങളിൽ നിഴലിക്കുന്നുണ്ടല്ലോ. ഗഹനമായ തത്വചിന്തയും ബൃഹത്തായ ഇതിഹാസവും മലയാളത്തിന് വഴങ്ങുമെന്ന് മധ്യകാല ഭക്തിപ്രസ്ഥാനം തെളിയിച്ചു. സാഹിത്യവും തത്വചിന്തയും മാത്രമല്ല ഗണിതശാസ്ത്രവും മലയാളത്തിന്റെ വ്യാവഹാരികതയ്ക്ക് അപ്രാപ്യമല്ലെന്ന് ജ്യേഷ്ഠദേവനും തെളിയിച്ചു. മോക്ഷം നിഷേധിച്ച കോടിക്കണക്കിനു മനുഷ്യർക്ക് ഭക്തിയുടെ ആത്മവിശ്വാസം പകർന്നുനൽകിയത് മാതൃഭാഷയിലൂടെയായിരുന്നു.

ഭാഷാപരമായ ചില ഉൽകണ്ഠകൾ പിന്നീട് ഉയർന്നുവരുന്നത് കൊളോണിയൽ കാലഘട്ടത്തിലാണ്. ഇക്കാലമായപ്പോഴേക്കും സംസ്കൃതത്തെ പുറംതള്ളി ഇംഗ്ലീഷ് തൽസ്ഥാനം അലങ്കരിക്കാൻ ആരംഭിച്ചുകഴിഞ്ഞിരുന്നു. കൊളോണിയൽ വ്യവസ്ഥയുടെ ഭാഷയായി ഇംഗ്ലീഷ് രംഗത്തുവന്നു. വിദ്യാഭ്യാസവും ഭരണവും കോടതിയുമെല്ലാം ഇംഗ്ലീഷിൽ നിർവ്വഹിക്കപ്പെടുന്ന സ്ഥിതി സംജാതമായി. ഈ സന്ദർഭത്തിൽ യൂറോപ്യൻ അപരത്തെ

ലക്ഷ്യത്തിൽ നിർത്തി വികസിച്ചുവന്ന ദേശീയതയുടെ ഭാഗമായി മാതൃഭാഷയും പ്രമേയമായി കടന്നുവന്നു. അതുകൊണ്ടുതന്നെ ദേശീയതയ്ക്കകത്ത് രൂപപ്പെട്ടുവന്ന സംഘർഷങ്ങൾ മാതൃഭാഷയെക്കുറിച്ചുള്ള ചർച്ചയിലും സജീവമായി നിലനിന്നു. ദേശീയതയ്ക്കകത്ത് സാംസ്കാരിക ദേശീയവാദം എന്നും രാഷ്ട്രീയദേശീയവാദം എന്നുമുള്ള രണ്ട് ധാരകൾ പ്രബലമായി നിലനിന്നിരുന്നു. രാഷ്ട്രത്തെ ഒരു സാംസ്കാരിക സത്തയായി മനസ്സിലാക്കി ആ സത്ത വ്യാപിച്ചിരിക്കുന്ന ഒരു ഭൂപ്രദേശത്തെ വിഭാവനം ചെയ്യുകയും ആധുനികതയേയും യൂറോപ്പിനേയും അതിന്റെ അപരമായി കൽപിക്കുകയും ചെയ്യുന്ന ദേശീയതാസങ്കൽപമാണ് സാംസ്കാരികദേശീയവാദം. എന്നാൽ ഇന്ത്യയിൽ നിലനിന്നിരുന്ന ആഭ്യന്തര അടിമത്തത്തിന്റെ വിവിധങ്ങളായ രൂപങ്ങളോട് എതിരിട്ടു വളർന്നുവന്ന ധൈഷണികധാരയാണ് രാഷ്ട്രീയ ദേശീയവാദം. പ്രധാനമായും ജാതിവ്യവസ്ഥ, ലിംഗപദവി, വിഭവങ്ങളുടെ വിതരണം എന്നിവയിലൂന്നി സമൂഹത്തെ മൗലികമായി പരിഷ്കരിക്കുക എന്ന ലക്ഷ്യത്തോടെ വികസിച്ചുവന്നതാണിത്. ആദ്യഘട്ടത്തിൽ ഈ രണ്ട് ദേശീയവാദങ്ങളും സഹവർത്തിത്വത്തിൽ കഴിഞ്ഞെങ്കിലും പിന്നീട് അവ എതിർധ്രുവങ്ങളിലേക്ക് നീങ്ങുകയാണ് ചെയ്തത്. ഒടുവിൽ സ്വാതന്ത്ര്യലബ്ധിയുടെ കാലമായപ്പോഴേക്കും സാംസ്കാരികദേശീയവാദം മേൽക്കൈ നേടുന്നതും രാഷ്ട്രീയദേശീയവാദം ദുർബ്ബലമാവുന്നതുമാണ് നാം കാണുന്നത്. സ്വാതന്ത്ര്യം എന്നാൽ ബ്രിട്ടീഷുകാരെ ഇന്ത്യയിൽനിന്ന് കെട്ടുകെട്ടിക്കുന്നതോടെ ഇന്ത്യയിലെ ഉന്നത-മധ്യവർഗ്ഗത്തിന് ലഭിക്കുന്ന സവിശേഷ അധികാരപദവിമാത്രമാണെന്ന് സാംസ്കാരികദേശീയവാദികൾ കരുതി. അവരെസ്സംബന്ധിച്ചിടത്തോളം ഇന്ത്യൻ സംസ്കാരം മഹത്തരവും യൂറോപ്യൻ സംസ്കാരത്തിന്റെ അപരവുമാണ്. അതായത് വർണാശ്രമധർമ്മം ഉൾപ്പെടെയുള്ള ഇന്ത്യൻ സംസ്കാരത്തിന്റെ 'ഈടുവെപ്പ്'കളെ സംരക്ഷിച്ചുകൊണ്ട് നിർവ്വഹിക്കപ്പെട്ട അധികാരക്കൈമാറ്റം മാത്രമാണ് സാംസ്കാരികദേശീയവാദികൾക്ക് സ്വാതന്ത്ര്യം. എന്നാൽ സാമൂഹികമായ കാര്യക്ഷമതയുള്ള പൗരസമൂഹത്തെ നിർമ്മിച്ചെടുക്കാതെ ഇന്ത്യക്കാർക്ക് പൂർണ്ണസ്വാതന്ത്ര്യം ലഭിക്കുകയില്ല എന്ന ആശയത്തിൽ രാഷ്ട്രീയ ദേശീയവാദികൾ ഉറച്ചുനിന്നു. ഈ രണ്ടു ധാരയിലും പെട്ടവർ മാതൃഭാഷയെക്കുറിച്ചുള്ള ആശയങ്ങൾ രൂപീകരിച്ചിട്ടുണ്ട്.

ഇന്ത്യൻ ഭാഷകളെ സംസ്കൃതത്തിന്റെ അപഭ്രംശരൂപങ്ങളായി കാണുകയും ഇന്ത്യൻ സാഹിത്യത്തെ പല മട്ടിൽ പുനരാവിഷ്കരിക്കപ്പെട്ട സംസ്കൃതസാഹിത്യത്തിന്റെ വിഭിന്നരൂപങ്ങളായി വിലയിരുത്തുകയും ചെയ്യുന്ന സമീപനമാണ് സാംസ്കാരിക ദേശീയവാദികൾ മാതൃഭാഷയോട് പുലർത്തിയത്. സംസ്കൃതമാകുന്ന ഹിമാലയത്തിൽനിന്നും ഇന്ത്യയൊട്ടാകെ ഒഴുകിപ്പരന്നതാണ് ഇന്ത്യയിലെ പ്രാദേശികഭാഷകൾ എന്നും അവർ സിദ്ധാന്തിച്ചു. പലപ്പോഴും ഓറിയന്റലിസം ഇന്ത്യയെക്കുറിച്ച്

സൃഷ്ടിച്ചുവെച്ച അറിവുരൂപങ്ങൾ ഇവരുടെ ആശയങ്ങളെ വലിയ അളവിൽ സ്വാധീനിച്ചു. പ്രത്യേകിച്ചും ഭാഷാഗോത്രങ്ങളെപ്പറ്റിയുള്ള പഠനം സംസ്കൃതത്തിന്റെ ആധികാരികതയെ ഉറപ്പിക്കുന്നവയായിരുന്നു. ദ്രാവിഡഭാഷകളിൽ നടന്ന പഠനങ്ങൾപോലും സംസ്കൃതവുമായുള്ള താരതമ്യം നിർവ്വഹിച്ചുകൊണ്ടാണ് മുന്നേറിയത്. ചുരുക്കത്തിൽ സംസ്കൃതത്തിന്റേയും ബ്രാഹ്മണപ്രത്യയശാസ്ത്രത്തിന്റേയും ഔദാര്യത്തിൽ വികസിച്ചുവന്നവയാണ് ഇന്ത്യയിലെ പ്രാദേശികഭാഷകളെന്നും സാംസ്കാരിക ദേശീയവാദികൾ കരുതി. സംസ്കൃതത്തിന്റെ ആരൂഢത്തിൽ ഇന്ത്യൻഭാഷകളെ പരസ്പരം ബന്ധിപ്പിക്കാമെന്നും അതുവഴി ഇന്ത്യൻ ജനതയെ ഏകോപിപ്പിക്കാമെന്നുമുള്ള ദേശീയസങ്കൽപമാണ് സാംസ്കാരിക ദേശീയവാദികൾ പങ്കുവെച്ചത്. ജാതീയമായി പുറംതള്ളുമ്പോഴും പ്രാദേശീകമായി ഏകോപിപ്പിക്കുക എന്ന അജണ്ടയാണ് സാംസ്കാരിക ദേശീയവാദികൾ സാമാന്യമായി സ്വീകരിച്ചത്. നാനാത്വത്തിൽ ഏകത്വം എന്ന ആശയത്തിൽ ഏകത്വത്തിനാണ് അവർ ഊന്നൽ നൽകിയത്. ഈ ഏകത്വത്തിന്റെ നിയാമകങ്ങളിലൊന്നാണ് സംസ്കൃതം എന്നവർ കരുതുന്നു. പ്രാദേശികഭാഷകളെ സംസ്കൃതത്തിന്റെ പ്രഭവകേന്ദ്രങ്ങളോടടുപ്പിക്കുക എന്ന ദൗത്യവും അവർ കാര്യക്ഷമമായി നിർവ്വഹിക്കാൻ ശ്രമിച്ചു. ഉദാഹരണമായി ഉറുദുവിന്റെ കലർപ്പുണ്ടായിരുന്ന ഹിന്ദിയെ സംസ്കൃതീകരിക്കാനും ലിപി ദേവനാഗരി മാത്രമാണെന്നുറപ്പിക്കാനും ശ്രമിച്ച ഇന്ത്യൻ ഭാഷാസൂത്രകരെ നയിച്ചത് സാംസ്കാരികദേശീയവാദമാണ്. പ്രാദേശികഭാഷകളിൽ സാങ്കേതികപദങ്ങൾ രൂപപ്പെടുത്തുമ്പോൾ കഴിവതും സംസ്കൃതത്തെ ആശ്രയിക്കുക എന്നതും ഈ ഭാഷാസൂത്രണത്തിന്റെ ഭാഗമായി സ്വീകരിക്കപ്പെട്ട നയമാണ്. ചുരുക്കത്തിൽ സാംസ്കാരികദേശീയവാദികളെ സംബന്ധിച്ചിടത്തോളം മാതൃഭാഷ എന്നത് ഭൂതകാലകാമനയുടെ ഭാഗമായിരുന്നു.

എന്നാൽ രാഷ്ട്രീയദേശീയവാദത്തിന്റെ ധാര ഇതിൽനിന്ന് വ്യത്യസ്തമായിരുന്നു. അവർ മാതൃഭാഷയെ പ്രക്ഷേപിച്ചത് ഭൂതകാലത്തിലേക്കല്ല, ഭാവിയിലേക്കാണ്. ദൈനംദിനവ്യവഹാരങ്ങളിൽ മാതൃഭാഷയുടെ പ്രയോഗക്ഷമത വികസിപ്പിക്കാനും ഒരു ജനാധിപത്യ സമൂഹത്തിന്റെ നിർമ്മിതിക്കായി മാതൃഭാഷയെ പ്രയോജനപ്പെടുത്താനുമാണ് അവർ ശ്രമിച്ചത്. മാതൃഭാഷയും നവോത്ഥാനവും തമ്മിലുള്ള ചർച്ചയിൽ ഈ സമീപനത്തിനാണ് പ്രാമുഖ്യം.

## രണ്ട്

കേരളത്തിന്റെ സാമൂഹ്യനവീകരണപ്രക്രിയയിലുടനീളം മാതൃഭാഷയെക്കുറിച്ചുള്ള ചർച്ച കടന്നുവന്നത് ഇതിന്റെ ഭാഗമാണ്. ഉദാഹരണമായി ജോർജ്ജ് മാത്തൻ 1867ൽ 'ബാലാഭ്യസനത്തെ'ക്കുറിച്ചുനടത്തിയ പ്രസംഗത്തിൽ കുട്ടികളെ പഠിപ്പിക്കേണ്ടത് മാതൃഭാഷയിലാണെന്ന് പറയുന്നുണ്ട്. ഇതിനുകാരണമായി അദ്ദേഹം പറയുന്നത് മാതൃഭാഷയിലൂടെയുള്ള

പഠനം എളുപ്പമാണ് എന്നതോ അധികഫലം വരുത്തുമെന്നതോ മാത്രമല്ല. വിദ്യ പങ്കിടാൻ ഒരു സമൂഹത്തെ പ്രാപ്തമാക്കുന്നത് മാതൃഭാഷയിലൂടെയുള്ള വിദ്യാഭ്യാസമാണ് എന്നതുകൂടിയാണ്. "വിദ്യാഭ്യാസത്തിനുള്ള ഏനങ്ങൾ എല്ലാ മനുഷ്യർക്കും ദൈവം ഒരുപോലെ കൊടുത്തിട്ടില്ല. ചിലർ പാർക്കുന്ന സ്ഥലവും പള്ളിക്കൂടങ്ങളുമായിട്ട് ദൂരമാകയാൽ തങ്ങളുടെ കുഞ്ഞുങ്ങളെ അയച്ചുപഠിപ്പിക്കുന്നതിന് അവർക്ക് പ്രയാസമായിരിക്കും. ചിലർ ദരിദ്രക്കാരാകയാൽ പഠിക്കുന്ന സമയത്ത് പൈതങ്ങൾക്ക് ഉപജീവനമുണ്ടാക്കുവാനും പഠിത്വ വകയ്ക്കുള്ള ചിലവുനടത്തുവാനും അവർക്ക് പാങ്ങില്ലായിരിക്കും. ആകയാൽ ബഹുജനങ്ങൾ പഠിക്കാത്തവരായിരിക്കേയുള്ളൂ. എങ്കിലും വിദ്യ കൊണ്ടുള്ള ഉപകാരം എല്ലാവർക്കും വന്നുനിൽക്കേണ്ടതാകുന്നു. ഒരു ദിക്കിലുള്ള ജനങ്ങൾ എല്ലാവരും ദ്രവ്യസ്ഥന്മാരായിരിക്കുന്നില്ല. അങ്ങിനെ ഏതാനും പേരുള്ളവരെക്കൊണ്ട് ശേഷം പേരും അവരോട് ഇരന്നിട്ടെങ്കിലും അവർക്കു വേല ചെയ്തിട്ടെങ്കിലും കഴിഞ്ഞുപോകുന്നു. എന്നാൽ ഒരു ധനവാന്റെ കൈമുതലെല്ലാം നാട്ടിൽ നടപ്പില്ലാതെയും മാറിക്കിട്ടാൻ പ്രയാസമുള്ള നാണയത്തിൽ ആയിരുന്നാൽ അവന്റെ സമ്പത്തുകൊണ്ട് അവനും ശേഷംപേർക്കും പ്രയോജനം വരികയില്ല. എന്തെന്നാൽ ദ്രവ്യം കൊണ്ടുള്ള ഉപകാരം പെട്ടിയിൽ വെച്ചുപൂട്ടുന്നതിനാലല്ല, കൈകാര്യം ചെയ്യുന്നതിനാലാകുന്നു. അപ്രകാരംതന്നെ അന്യഭാഷ മൂലമായ വിദ്യ നിത്യവൃത്തിയിൽ അത്രയുപയോഗമാകത്തില്ല."(സാമുവൽ ചന്ദനപ്പള്ളി, 1992: 442) അറിവ് പൊതുവിഭവമാണെന്നും അത് പങ്കുവെക്കാനുള്ളതാണെന്നും ജോർജ്ജ് മാത്തൻ കരുതുന്നു. വിഭവങ്ങളുടെ തുല്യമായ പങ്കുവെപ്പ് ലക്ഷ്യമാക്കിക്കൊണ്ടാണല്ലോ നവോത്ഥാനപ്രസ്ഥാനങ്ങൾ രൂപപ്പെട്ടത്. എല്ലാവർക്കും സഞ്ചരിക്കാനുള്ള പൊതുനിരത്തും എല്ലാവർക്കും ആരാധിക്കാൻ കഴിയുന്ന ആരാധനാലയങ്ങളും ഉണ്ടാകണമെന്ന ആഗ്രഹം നവോത്ഥാനകാലഘട്ടത്തിന്റെ സവിശേഷതയാണ്. ഈ ആഗ്രഹം തന്നെയാണ് ജോർജ്ജ് മാത്തനും പങ്കുവെക്കുന്നത്. വിദ്യ സ്വകാര്യസ്വത്തല്ലെന്നും അത് ജനങ്ങൾക്കിടയിൽ തുല്യമായി വിതരണം ചെയ്യപ്പെടേണ്ട പൊതുവിഭവമാണെന്നുമുള്ള ആശയമാണ് ജോർജ്ജ് മാത്തൻ ഈ പ്രകരണത്തിൽ ചൂണ്ടിക്കാണിക്കുന്നത്. വിദ്യ പങ്കുവെക്കപ്പെടണമെങ്കിൽ അത് മാതൃഭാഷയിലൂടെ വിനിമയം ചെയ്യപ്പെടേണ്ടതുണ്ട്. വിദ്യ നേടുന്നതിന്റെ ഉദ്ദേശം സുശീലാകരണമാണെന്നും ശരിയായ ചരിത്രബോധം ഇതിനാവശ്യമാണെന്നും ജോർജ്ജ് മാത്തൻ ഈ പ്രഭാഷണത്തിൽ സൂചിപ്പിക്കുന്നു. മനസ്സംസ്കരണം എന്നത് നവോത്ഥാനത്തിലെ ഒരു പ്രധാന ആശയമായിരുന്നു. മാതൃഭാഷയിൽ ലഭ്യമാവുന്ന സാരോപദേശകഥകളും സാഹിത്യരചനകളും കുട്ടികളുടെ മനസ്സംസ്കരണത്തിന് ഏറെ പ്രയോജനം ചെയ്യുമെന്നാണ് മാത്തന്റെ നിരീക്ഷണം. നവോത്ഥാനമെന്നത് നവകർതൃത്വങ്ങളുടെ നിർമ്മിതിയാണ്. ബുദ്ധിയുടെ നവീകരണത്തിലൂടെയാണ് ഇത്തരം കർതൃത്വങ്ങളെ

നിർമ്മിക്കാൻ കഴിയുക എന്നത് നവോത്ഥാനപദ്ധതിയുടെ പ്രധാനപ്പെട്ട സങ്കൽപമായിരുന്നു. വിദ്യകൊണ്ട് പ്രബുദ്ധരാവാൻ നാരായണഗുരു ആവശ്യപ്പെട്ടത് അതുകൊണ്ടാണ്. 'ജാത്യാലുള്ളത് തൂത്താൽ പോകില്ല' എന്ന് കരുതിയിരുന്ന വർണാശ്രമവീക്ഷണത്തെ തിരുത്താനാണ് നവോത്ഥാനം ശ്രമിച്ചത്. വിദ്യകൊണ്ട് തൂത്താൽ മാഞ്ഞുപോകാത്ത കറകളൊന്നുമില്ലെന്നും അതിനുള്ള അവസരം മനുഷ്യർക്ക് നൽകാത്തതുകൊണ്ടാണ് അവർ പഴയപടി ജീവിക്കുന്നതെന്നും നവോത്ഥാനകാലം മനസ്സിലാക്കി. മാതൃഭാഷയിലൂടെയുള്ള വിദ്യാഭ്യാസത്തിന് ജാതി-മത-ലിംഗ-പ്രാദേശിക പരിമിതികളെ ഉല്ലംഘിച്ചുകൊണ്ട് പുതിയ കർതൃത്വങ്ങളെ നിർമ്മിക്കാൻ കഴിയുമെന്ന് കരുതിയ നവോത്ഥാനചിന്തകരിൽ ജോർജ്ജ് മാത്തനും ഉൾപ്പെടും.

സ്വതന്ത്രമായി ചിന്തിക്കുന്ന വ്യക്തികളുടെ പ്രവൃത്തികൾകൊണ്ട് പ്രചലിതമായ ഒരു സമൂഹത്തെയാണ് നവോത്ഥാനം സ്വപ്നം കണ്ടത്. യുക്തിയുടെ പൊതുവായ പ്രയോഗവും സ്വകാര്യമായ പ്രയോഗവും പരസ്പരം എതിരിടാതെ നിലനിൽക്കുന്ന, ചിന്താപരമായ ധീരതയെ ഉയർത്തിപ്പിടിക്കുന്ന ഒരു സമൂഹത്തെയാണ് ഇമ്മാനുവൽ കാന്റ് പ്രബുദ്ധസമൂഹം എന്ന് വിളിച്ചത്. അത്തരമൊരു സമൂഹത്തിൽ എല്ലാ പ്രവൃത്തികളും വീണ്ടുവിചാരത്തിന് വിധേയമായി. നവോത്ഥാനകാലത്ത് കേരളത്തിൽ സംഭവിച്ചതും അതുതന്നെയാണ്. പ്രാർത്ഥനയുടെ ഭാഷയെപ്പറ്റി സനാവുല്ല മക്തി തങ്ങൾ ഉൽകണ്ഠപ്പെട്ടതും ഈ സാഹചര്യത്തിലാണ്. "മാതൃഭാഷ മാത്രമല്ല മലയാളിയെ ഇസ്ലാമാക്കുന്ന ഗുരുഭാഷയായ മലയാളം പഠിക്കായ്കയാൽ വേദാഭ്യാസം ദോഷപ്പെടുന്നു. 'ഈമാൻ' നഷ്ടപ്പെടുന്നു." (മക്തി തങ്ങൾ, 2012: 702) മതപഠനം മാതൃഭാഷയിലല്ലാതെ നിർവ്വഹിക്കുന്നതുമൂലം കുട്ടികൾ നിരവധി ദുരർത്ഥങ്ങൾ ഗ്രഹിക്കുന്നതിനും കാര്യങ്ങൾ തെറ്റായി മനസ്സിലാക്കുന്നതിനും ഇടയാക്കുന്നു. തങ്ങൾ ദൈവത്തോട് എന്താണ് പ്രാർത്ഥിക്കുന്നത് എന്നതുപോലും ശരിയായ രീതിയിൽ മനസ്സിലാക്കാതെയാണ് മതവിശ്വാസികൾ പുലരുന്നതെന്ന് മക്തി തങ്ങൾ നിരീക്ഷിക്കുന്നു. രൂപത്തേക്കാൾ അർത്ഥത്തിന് പ്രാധാന്യം നൽകിയ കാലമായിരുന്നു നവോത്ഥാനകാലം. മതങ്ങളായാലും സാമൂഹ്യജീവിതമായാലും സാഹിത്യാദികലകളായാലും പൊരുളെന്ത് എന്നന്വേഷിക്കുകയാണ് നവോത്ഥാനയുക്തി ചെയ്തത്. പൊരുളറിയാൻ ഒരാളെ ഏറ്റവുമധികം സഹായിക്കുന്നത് മാതൃഭാഷയാണ് എന്നതുകൊണ്ട് നവോത്ഥാനയുക്തി മാതൃഭാഷയ്ക്കൊപ്പമായിരുന്നു.

മലയാളത്തിന്റെ ആധുനികീകരണത്തിൽ അഗ്രിമസ്ഥാനത്തുനിന്ന മറ്റൊരു പ്രതിഭ ഏ.ആറാണ്. മലയാളത്തിന്റെ വളർച്ച ലാക്കാക്കി നിരവധി ഗ്രന്ഥങ്ങൾ അദ്ദേഹം രചിക്കുകയുണ്ടായല്ലോ. അദ്ദേഹം സാഹിത്യത്തിലാരംഭിച്ച സംവാദങ്ങൾക്ക് ഉയർന്ന സാമൂഹ്യമൂല്യമുണ്ടായിരുന്നു. ദ്വിതീയാക്ഷരപ്രാസവാദം കേവലം പ്രാസവാദത്തിലൊതുങ്ങുന്നതായിരുന്നില്ല. പ്രസ്തുത ചർച്ച കവികളുടെ പദവിയെക്കുറിച്ചുള്ള ആലോചനകളിലേക്ക്

നീങ്ങി. കവിരാമായണം, കവിപുഷ്പമാല തുടങ്ങിയവയിലെ സംവാദങ്ങൾ ഇതിന് തെളിവാണ്. സാഹിത്യത്തിൽ നിലനിന്ന സാഹിത്യബാഹ്യമായ മാനദണ്ഡങ്ങൾ ഇതോടെ പ്രശ്നവൽക്കരിക്കപ്പെട്ടു. ആശാനെപ്പോലെ ഉൽപതിഷ്ണുവായ ഒരു കവിയുടെ ആഗമനത്തെ കാഹളം മുഴക്കി വരവേറ്റത് ഏ. ആറാണല്ലോ. പണ്ഡിറ്റ് കറുപ്പന്റെ 'ബാലാകലേശം' നാടകത്തിന്റെ പുതുമ കണ്ടെത്താനും അദ്ദേഹത്തിന് കഴിഞ്ഞു. ജാതിമതനിരപേക്ഷമായ സദസ്സുകൾക്ക് രൂപം നൽകി സാഹിത്യത്തെ പൊതുസ്വത്താക്കി മാറ്റുന്നതിലും അദ്ദേഹം നേതൃത്വപരമായ പങ്ക് വഹിച്ചു. സാഹിത്യചർച്ചയിൽ സമുദായചർച്ചകൂടി കടന്നുവന്നു എന്നതാണ് ഈ കാലത്തെ സംവാദങ്ങളുടെ പ്രത്യേകത. ഇതിന്റെ പശ്ചാത്തലത്തിലാണ് ഏ. ആറിന്റെ മാതൃഭാഷയെക്കുറിച്ചുള്ള ആലോചനകളെ കാണേണ്ടത്. 'കേരളപാണിനീയ'ത്തിന്റെ രചനാചരിത്രംതന്നെ ഇതിന്റെ ഏറ്റവും പ്രബലമായ ദൃഷ്ടാന്തം. പ്രസ്തുത വ്യാകരണകൃതിയുടെ ആദ്യപതിപ്പ് പുറത്തിറങ്ങിയ ശേഷം 21 വർഷം കഴിഞ്ഞാണ് രണ്ടാം പതിപ്പ് പുറത്തിറങ്ങുന്നത്. അപ്പോഴേക്കും കേരളപാണിനീയത്തിന്റെ ആദ്യപതിപ്പിനെക്കുറിച്ച് നിരവധി വിമർശനങ്ങൾ ഉന്നയിക്കപ്പെട്ടിരുന്നു. വിദ്യാവിനോദിനിയിൽ പ്രസിദ്ധീകരിക്കപ്പെട്ട കുറിപ്പുകൾ, ഭാഷാപോഷിണിയിൽ ശേഷഗിരിപ്രഭു എഴുതിയ കുറിപ്പുകൾ എന്നിവയെല്ലാം ഇതിൽപ്പെടും. സാഹിതീയപൊതുമണ്ഡലത്തിൽ നടന്ന ഇത്തരം സംവാദങ്ങളിൽനിന്നാണ് നാമിന്ന് കാണുന്ന 'കേരളപാണിനീയം' പിറവികൊണ്ടതെന്നർത്ഥം. നവോത്ഥാനാശയങ്ങൾ തിരനോട്ടം നടത്തുന്ന ഒരു സമൂഹത്തിന്റെ പ്രധാന ലക്ഷണങ്ങളിലൊന്ന് ഈ പൊതുമണ്ഡലമാണ്. ഈ പൊതുമണ്ഡലത്തിന്റെ ഭാഷ മാതൃഭാഷയാണ്. വിദ്യക്കും ഭരണത്തിനുമെല്ലാം ഈ ഭാഷ ഉപയോഗിച്ചാൽ മാത്രമേ ഒരു ജനായത്തസമൂഹം പുലരൂ എന്ന് കരുതിയിരുന്നവരാണ് അന്നത്തെ ധൈഷണികരിൽ പലരും.

ഉചിതമായ പദങ്ങൾ മലയാളത്തിൽ ഇല്ലാത്തതുകൊണ്ടല്ല ശാസ്ത്ര-സാങ്കേതിക വിഷയങ്ങൾ നമുക്ക് മാതൃഭാഷയിലൂടെ പ്രതിപാദിക്കാൻ കഴിയാത്തത്. തത്തുല്യമായ പദങ്ങൾ മലയാളത്തിലില്ലെങ്കിൽ അവയെ തത്സമങ്ങളായി ഇംഗ്ലീഷിൽനിന്ന് കടംകൊണ്ടാൽ മതിയാകും. പ്രശ്നം പദങ്ങളുടെ ദൗർലഭ്യമല്ല, ഇംഗ്ലീഷിൽ ചിന്തിച്ച് സംസ്കൃതത്തിലൂടെ മലയാളത്തിലേക്ക് ആശയങ്ങൾ കടത്തിക്കൊണ്ട് വരാൻ നടത്തുന്ന ശ്രമമാണ് വൈജ്ഞാനിക മലയാളത്തിന്റെ പുരോഗതിക്ക് വലിയ തടസ്സം സൃഷ്ടിക്കുന്നതെന്ന് ഏ. ആർ. പറയുന്നു. മാതൃഭാഷയെക്കുറിച്ച് ഗഹനമായ ആലോചനകൾ നിർവ്വഹിച്ചതുകൊണ്ടുമാത്രം കാര്യമില്ല. കൃത്യമായ പ്രവർത്തനപദ്ധതികളാണ് ആവശ്യമായിട്ടുള്ളത്. പ്രവൃത്തിക്ക് ഊന്നൽ നൽകിയ ഘട്ടമാണ് നവോത്ഥാനം. തങ്ങളുടെ ചുറ്റുമുള്ള സാമൂഹികമായ ജഡാവസ്ഥയെ മറികടക്കാൻ തങ്ങളാൽക്കഴിയുന്ന പ്രവൃത്തികൾ ചെയ്യുകയാണ് ഈ ഘട്ടത്തിലെ സാമൂഹ്യപരിഷ്കർത്താക്കൾ ചെയ്തത്. ഏ. ആറും അതുതന്നെയാണ്

ചെയ്തതെന്ന് പറയാം. ജാതിമതഭേദമില്ലാതെ ഏവർക്കും പ്രാർത്ഥിക്കാനുള്ള ഈശ്വരനെയാണ് ശ്രീനാരായണൻ സൃഷ്ടിക്കാൻ ശ്രമിച്ചതെങ്കിൽ ഏ.ആറിന് ആ ദൈവം മാതൃഭാഷയായിരുന്നു എന്ന് പറയാം. വിദ്യയുടേയും ഭരണനിർവ്വഹണത്തിന്റേയും ഭാഷയായി അദ്ദേഹം മലയാളത്തെ ഭാവന ചെയ്തു.

ഏ. ആർ. ഒരു കവിയായിരുന്നെങ്കിലും മലയാളഗദ്യത്തിന്റെ പ്രാധാന്യം അദ്ദേഹത്തെപ്പോലെ തിരിച്ചറിഞ്ഞവർ വിരളമാണെന്ന് പറഞ്ഞാൽ അതിൽ അതിശയോക്തിയില്ല. എന്തുകൊണ്ടായിരിക്കും അദ്ദേഹം ഗദ്യത്തെ ഇത്രമാത്രം പുരസ്കരിച്ചത് എന്ന ചോദ്യം പ്രസക്തമാണ്. ഒരു കാലത്ത് പണ്ഡിതോചിതമായ വ്യവഹാരങ്ങളെല്ലാം പദ്യഭാഷയിലാണല്ലോ നിർവ്വഹിക്കപ്പെട്ടിരുന്നത്. യഥാർത്ഥത്തിൽ പദ്യഭാഷയ്ക്ക് ഒരു നിഗൂഢസ്വഭാവമുണ്ട്. അത് വസ്തുതകളെ നേർക്കുനേർ പറയുന്നതിനെ പ്രോത്സാഹിപ്പിക്കുന്നില്ല. എന്നാൽ ഗദ്യം സാങ്കേതികത കുറഞ്ഞ വ്യവഹാരരൂപമാണ്. അതിൽ കൂടുതൽ പേർക്ക് പങ്കെടുക്കാൻ കഴിയും. അതുകൊണ്ടുതന്നെ ഗദ്യം ജനാധിപത്യപരമായ വ്യവഹാരരൂപമാണ്. അത് ചിട്ടപ്പെടുത്തേണ്ടതും മാനകീകരിക്കേണ്ടതും എത്രമാത്രം പ്രധാനപ്പെട്ട കർത്തവ്യമാണെന്ന് ഏ. ആറിന് അറിയാമായിരുന്നു. വരാനിരിക്കുന്ന ജനായത്തസമൂഹത്തിന്റെ നിലമൊരുക്കുന്ന പ്രവൃത്തിയാണ് അദ്ദേഹം ചെയ്തത്. മാതൃഭാഷയുടെ പങ്ക് ഇതിൽ നിർണ്ണായകമാണ്. കേരളം ഉണ്ടാക്കിയത് പരശുരാമനാണെന്ന് വിശ്വസിച്ചിരുന്ന ഒരു കാലമുണ്ടായിരുന്നു. മാത്രമല്ല കേരളത്തിലെ ഓരോ ജാതിസമൂഹത്തിനും അതിന്റേതായ വംശാവലിചരിതങ്ങളും ഉണ്ടായിരുന്നു. അക്കാലത്താണ് ഏ. ആർ കേരളപാണിനീയത്തിൽ മലയാളഭാഷയുടെ ഉൽപത്തി ശാസ്ത്രീയമായി അപഗ്രഥിക്കുന്നത്. അതുവഴി മലയാളം സംസാരിക്കുന്നവർക്കെല്ലാം പൊതുവായ ഒരു വംശാവലി ചരിതം ഉണ്ടാക്കിയെടുക്കാനാവുമോ എന്ന ശ്രമമാണ് ഏ. ആർ. നടത്തിയത്. അതുകൊണ്ടാണ് അദ്ദേഹത്തിന്റെ ഭാഷായത്നങ്ങളെ സാങ്കേതികതയ്ക്കപ്പുറമുള്ള നവോത്ഥാനയത്നങ്ങളായി പരിഗണിച്ചത്.

കേരളീയനവോത്ഥാന പ്രക്രിയയിലെ ശക്തമായ സാന്നിധ്യമായിരുന്നല്ലോ സഹോദരൻ അയ്യപ്പൻ. മനുഷ്യർക്കിടയിലുള്ള വ്യത്യാസങ്ങൾ തകരുന്നതും അവർക്കിടയിൽ സമത്വം പുലരുന്നതും അയ്യപ്പന്റെ മഹത്തായ സ്വപ്നമായിരുന്നു. മനുഷ്യർക്കിടയിൽ സാഹോദര്യം നിലനിൽക്കുന്ന ആധുനിക സമൂഹരൂപത്തെയാണ് അയ്യപ്പൻ സമുദായം എന്ന് വിളിച്ചത്. ജാതിയിൽ നിന്ന് സമുദായത്തിലേക്കുള്ള വളർച്ച ഒരു സമൂഹത്തിന്റെ രാഷ്ട്രീയമായ വിലപേശൽ ശേഷി വർധിക്കുന്നതിന്റെ സൂചനയായിരുന്നു. രാഷ്ട്രീയമായ വിലപേശൽ ശേഷിയുള്ള നിരവധി സമുദായങ്ങളുടെ ഒരു സോവിയറ്റിനെയാണ് അയ്യപ്പൻ ദേശം എന്ന് വ്യപദേശിച്ചത്. ജാതി സമൂഹത്തിൽനിന്ന് ജാതിരഹിതസമൂഹത്തിലേക്കുള്ള പ്രയാണത്തിനിടയിൽ കടന്നുവരുന്ന ഒരു അന്തരാളഘട്ടമാണ് സമുദായം എന്നത്. സമുദായത്തിന്റെ ശരിയായ

പ്രാതിനിധ്യമാണ് ഇന്ത്യ പോലൊരു രാജ്യത്ത് ജനാധിപത്യത്തിന്റെ അന്തസത്ത എന്ന് അയ്യപ്പൻ കരുതുന്നു. ഈ സമുദായത്രുപീകരണത്തിൽ രണ്ട് ഘടകങ്ങളുണ്ട്. അതിലൊന്ന് അതത് ജാതികളെ പരിഷ്കരിക്കലാണ്. മറ്റൊന്ന് പൊതുസമൂഹത്തിൽ തങ്ങൾക്കർഹതപ്പെട്ട അവകാശങ്ങൾ നേടിയെടുക്കലാണ്. ആഭ്യന്തരവും ബാഹ്യവുമായ ഈ പ്രവർത്തനങ്ങളിൽ മാതൃഭാഷയ്ക്ക് വലിയ പങ്കുണ്ട്. 'നമ്മുടെ പത്രങ്ങൾ എന്ന ലേഖനത്തിൽ സഹോദരൻ അയ്യപ്പൻ ഇങ്ങനെ എഴുതുന്നു : "തിയ്യരുടെ ഇടയിൽ അടുത്തകാലത്തുണ്ടായിട്ടുള്ള വലിയ ഉണർവ്വ് പ്രധാനമായും പത്രവും പ്രസംഗവും കൊണ്ടുണ്ടായതാണ്. നമ്മുടെ പത്രക്കാരും പ്രസംഗക്കാരും നമ്മുടെ ജനങ്ങൾക്ക് അവരുടെ അവശതകളെപ്പറ്റിയും ആ അവശതകൾ പരിഹരിക്കാൻ അവരെടുക്കേണ്ട ആദർശങ്ങളേയും മാർഗങ്ങളേയും പറ്റി ബോധമുണ്ടാക്കി. നമ്മളും ആ രാജ്യത്തുണ്ടെന്ന വിവരം അന്യസമുദായക്കാരും ഗവൺമെന്റും അറിയാൻ തുടങ്ങിയത് നമ്മുടെ പത്രക്കാരുടേയും പ്രസംഗക്കാരുടേയും ബഹളം മുതലാണ്. നമ്മൾ പത്രം വഴിയും പ്രസംഗം വഴിയും കൂട്ടിയ ബഹളം കൊണ്ട് നമുക്കുമാത്രമല്ല രാജ്യത്തിനാകെ ഗുണം ചെയ്തിരിക്കുന്നു." (ഷീജ: 2010 461 -62) . സമത്വപൂർണമായ ഒരു സമൂഹനിർമ്മിതിയിൽ സാഹിതീയപൊതുമണ്ഡലം വഹിക്കുന്ന പങ്കിനെക്കുറിച്ചാണ് അയ്യപ്പൻ സൂചിപ്പിക്കുന്നത്. തങ്ങൾ ഭാവനയിൽ സൃഷ്ടിക്കുന്ന ഒരു സമൂഹത്തെ ഭൂമിയിൽ നിർമ്മിച്ചെടുക്കാനാണ് നവോത്ഥാനവാദികൾ ശ്രമിക്കുന്നത്. ഈ ഭാവനയുടെ നിർമ്മാണം നടക്കുന്നത് മാതൃഭാഷയിലൂടെയുള്ള പൊതുമണ്ഡലത്തിന്റെ പശ്ചാത്തലത്തിലാണ്. മാതൃഭാഷയെ പൈതൃകസമ്പത്തായല്ല ഭാവിയുടെ നിർമ്മാണാത്മകഘടകമായാണ് അയ്യപ്പൻ കാണുന്നത്.

ഒരു ജനതയുടെ അഭിവൃദ്ധി അവരുടെ ഭാഷയിൽ നിഴലിക്കുമ്പോഴാണ് ഭാഷ അഭിവൃദ്ധിപ്പെടുകയെന്ന് അയ്യപ്പൻ കരുതുന്നു. കേരളീയർക്കുണ്ടായ അഭിവൃദ്ധികളെല്ലാം ഒരു കാലത്ത് സംസ്കൃതത്തിലാണ് പ്രതിഫലിച്ചിരുന്നത്. അതുകൊണ്ടുതന്നെ അത് മലയാളിയുടെ ഉണ്മയെ നിഗൂഢമാക്കിത്തീർത്തു. മലയാളികളുടെ സർക്കാർ ഭാഷയും വിദ്യാഭ്യാസഭാഷയും മലയാളമാക്കണമെന്നതാണ് അയ്യപ്പന്റെ പ്രധാനനിർദ്ദേശം. 'മലയാളഭാഷയുടെ അഭിവൃദ്ധിമാർഗ്ഗം' എന്ന ലേഖനത്തിൽ അയ്യപ്പൻ ഇക്കാര്യം ചൂണ്ടിക്കാണിക്കുന്നുണ്ട്. ഭാഷാഭിമാനം കൊണ്ടല്ല താൻ ഈ വാദമുന്നയിക്കുന്നതെന്ന് അയ്യപ്പൻ പ്രത്യേകം പറയുന്നു. "മലയാളം മലയാളികളുടെ സ്വന്തമാണെന്നുള്ള അഭിമാനത്തിന്റെ പ്രേരണകൊണ്ടുണ്ടാകുന്ന ഭാഷാഭിവൃദ്ധിശ്രമമാണ് ഇപ്പോൾ അധികവും നടക്കുന്നത്. ഒരു ഭാഷ സ്വന്തമായതുകൊണ്ടുമാത്രം അതിനെപ്പറ്റി അഭിമാനം വേണമെന്ന നിർബന്ധം ആവശ്യമില്ല. മലയാളമുപേക്ഷിച്ച് ഇംഗ്ലീഷുപോലെയുള്ള ഏതെങ്കിലും സംസ്കാരവും പ്രാചുര്യവുമേറിയ ഭാഷ നമ്മുടെ സംസാരഭാഷയാകുവാൻ സാധിക്കുമെങ്കിൽ അങ്ങനെ ചെയ്യുവാൻ മലയാളത്തെ നിർദ്ദയം നശിപ്പിച്ചിട്ടുപോലും നാം ശ്രമിക്കേ

ണ്ടതാണ്. എന്നാലത് സാധ്യമല്ല." (ഷീജ, 2010: 460). മലയാളഭാഷയെ വിദ്യാഭ്യാസത്തിനും ഭരണത്തിനും ഉപയോഗിക്കേണ്ടതിന്റെ പ്രാധാന്യം അയ്യപ്പൻ ചൂണ്ടിക്കാണിക്കുന്നു. മലയാളം പഠിച്ചവർക്ക് സിവിൽ സർവ്വീസിൽ പ്രത്യേകപരിഗണന നൽകണമെന്ന് അദ്ദേഹം പറയുന്നു. മലയാളത്തിലേക്ക് വിവിധ വിജ്ഞാനശാഖകളിലെ പുസ്തകങ്ങൾ തർജ്ജമ ചെയ്തും മലയാളത്തെ വിജ്ഞാനഭാഷയാക്കി വികസിപ്പിച്ചും മലയാളിയുടെ ചിന്താമണ്ഡലത്തെ മലയാളത്തിലൂടെ വികസ്വരമാക്കണമെന്നാണ് സഹോദരൻ അയ്യപ്പൻ പറയുന്നത്. ഇംഗ്ലീഷിനെ അദ്ദേഹം ഒരിക്കലും അപരമായി കാണുന്നില്ല. സ്വന്തം മാതൃഭാഷയിലേക്ക് മലയാളികൾ അവരുടെ അനുഭവങ്ങളെ ലയിപ്പിച്ചെടുക്കണം എന്നുമാത്രമേ അദ്ദേഹം അഭ്യർത്ഥിക്കുന്നുള്ളൂ. ഇവ്വിധം ആഭ്യന്തരനവീകരണത്തിന്റേയും പങ്കാളിത്തജനാധിപത്യത്തിന്റേയും ഭാവിസമൂഹത്തിന്റേയും നിർമ്മാണത്തിൽ മാതൃഭാഷയ്ക്ക് വലിയ പങ്കുണ്ടെന്ന് ഓർമ്മിപ്പിച്ച നവോത്ഥാനപ്രതിഭയാണ് സഹോദരൻ അയ്യപ്പൻ.

"ആ അയ്യപ്പൻകാവിലെ അന്തരീക്ഷത്തിൽ ആ തീയാടിപ്പെൺകുട്ടി കൊളുത്തിത്തന്ന കെടാവിളക്കാണ് പിൽക്കാലജീവിതത്തിലെനിക്ക് മാർഗ്ഗനിർദ്ദേശം നൽകിയ മഹാജ്യോതിസ്സെന്നോർക്കുമ്പോൾ കൃതജ്ഞതകൊണ്ടെന്റെ കണ്ണുകൾ നിറഞ്ഞുപോകുന്നു." (വി.ടി. 2015: 212) വി.ടി യുടെ ജീവിതത്തിൽ മഹാജ്യോതിസ്സായി നിറഞ്ഞത് മാതൃഭാഷ തന്നെയാണ്. സ്കൂൾ ക്ലാസുകളിൽ പഠിച്ചിരുന്ന ഒരു ചെറിയ പെൺകുട്ടി മലയാളത്തിലെഴുതിയ ഒരു നോട്ടുപുസ്തകം നീട്ടി തന്നോട് സംശയം ചോദിച്ചപ്പോൾ അക്ഷരമറിയാത്ത സ്വന്തം നിലയോർത്ത് ലജ്ജകൊണ്ട് ചൂളിപ്പോയ അനുഭവം വി.ടി. വിശദീകരിക്കുന്നുണ്ടല്ലോ. പിറ്റേന്നുമുതൽ പത്തുവയസ്സിലേറെ പ്രായമാകാത്ത ആ പെൺകുട്ടിയുടെ ശിഷ്യത്വം വി.ടി. സ്വയം സ്വീകരിക്കുകയായിരുന്നു. "കഷ്ടിച്ച് അക്ഷരജ്ഞാനം മാത്രം നേടിക്കഴിഞ്ഞ എനിക്ക് പത്രപാരായണത്തിൽ അഭിരുചി തോന്നി. പത്രകാര്യാലയവുമായി ബന്ധം പുലർത്താനുള്ള സാമാന്യ മര്യാദപോലും ഗ്രഹിച്ചിരുന്നില്ലാതെ ഞാൻ പത്രം അയച്ചുതരണമെന്ന അർത്ഥത്തിൽ എന്തൊക്കെയോ കുത്തിക്കുറിച്ച് ഒരു കാർഡ് യോഗക്ഷേമം ആപ്പീസിലേക്കയച്ചു. ......ലോകകാര്യങ്ങളറിയാൻ കേരളപത്രികയും സാമുദായികകാര്യങ്ങൾക്ക് യോഗക്ഷേമവും പതിവായി ഞാൻ വായിച്ചുതുടങ്ങി. ദേശീയപ്രസ്ഥാനവും സാമുദായികപ്രസ്ഥാനവും എന്റെ വിചാരങ്ങളുടെ ഊട്ടും പാവുമായി മാറി." (വി.ടി. 2015: 213-14) മാതൃഭാഷയാണ് വി.ടി.യെ സാഹിതീയപൊതുമണ്ഡലത്തിലേക്കും അതുവഴി രാഷ്ട്രീയപൊതുമണ്ഡലത്തിലേക്കും കൈപിടിച്ചാനയിച്ചത്. എന്നാൽ മാതൃഭാഷയോടൊപ്പംതന്നെ ഇംഗ്ലീഷ് ഭാഷയിലുള്ള പ്രാവീണ്യവും പുതിയൊരു കാലത്തേക്ക് അവശ്യം വേണ്ടതാണെന്ന് വി.ടിയുടെ തലമുറ മനസ്സിലാക്കിയിരുന്നു. "അങ്ങനെ നവീനപ്രസ്ഥാനത്തിന്റെ പണിപ്പുരകൾ സമുദായമധ്യത്തിൽ അങ്ങിങ്ങ് പൊന്താൻ തുടങ്ങി. കുളിയും കാപ്പിയും കഴിഞ്ഞ്

പത്തായപ്പുരയിലിരുന്ന് ഏതാനും ഇംഗ്ലീഷ് പാഠഭാഗങ്ങൾ കുരുക്കഴിക്കുക എന്നത് ഉൽപ്പതിഷ്ണുത്വത്തിന്റെ ഒരു അവശ്യഘടകമായിത്തീർന്നു. ക്യാറ്റ്, ഡോഗ് മുതലായ ശബ്ദങ്ങൾ മന്ത്രോചിതമായ ആത്മശുദ്ധിയോടും അക്ഷരവ്യക്തിയോടും ചൊല്ലിപ്പഠിക്കുമ്പോൾ ഒളിവിൽ ഒരു തുമ്പില്ലായ്മ കാട്ടുന്നവന്റെ അസ്വസ്ഥത അവരുടെ മുഖത്ത് ചുരമാന്താതിരുന്നില്ല. മഹത്തായ ഒരു ഭാവിയജ്ഞത്തിനുള്ള ഈ 'ഭാഷ ഓതലി'ൽ ഭക്തിപൂർവ്വം പങ്കുചേർന്ന ഒരാളായിരുന്നു ശ്രീ പെരുമനത്ത് നാരായണൻ നമ്പൂതിരി." (വി.ടി. 2105:214) മാതൃഭാഷയും ഇംഗ്ലീഷും വിപരീതങ്ങളായല്ല ഇതിൽ പ്രത്യക്ഷപ്പെടുന്നത്. ഭാവിയെ നിർമ്മിച്ചെടുക്കാനായി അവ രണ്ടും കൈകോർത്തുമുന്നേറുന്നതാണ് ഇവിടെ കാണുന്നത്. സംസ്കൃതത്തിന്റേയും ബ്രാഹ്മണ്യത്തിന്റേയും കോട്ടകൾ തകർക്കാനുള്ള ഉപാധികൾ എന്നനിലയ്ക്കാണ് ഇവിടെ ഭാഷ പ്രവർത്തിക്കുന്നത്. ഇംഗ്ലീഷിനെ മത്സരത്തിന്റെ ഭാഷയായും മലയാളത്തെ സാഹോദര്യത്തിന്റെ ഭാഷയായും വി.ടി. അവതരിപ്പിച്ചു. വിദേശക്കോയ്മയോട് എതിരിടാൻ അവരുടെ ഭാഷ അനിവാര്യമാണ്. അതിലൂടെ ലഭിക്കുന്ന ലോകജ്ഞാനം തന്റെ ചുറ്റുമുള്ളവർക്ക് പകർന്നുനൽകാനും അതിലൂടെ ഒരു സമുദായം രൂപപ്പെടുത്താനും മാതൃഭാഷ അനിവാര്യമാണ്. ചുരുക്കത്തിൽ ജാതിയിൽനിന്ന് സമുദായത്തിലേക്കുള്ള പരിവർത്തനത്തിൽ ഒരു പൊതുവിഭവമായി പ്രവർത്തിച്ചത് മാതൃഭാഷയാണെന്ന് വി.ടി.യുടേയും സഹോദരൻ അയ്യപ്പന്റേയും ആഖ്യാനങ്ങൾ സാക്ഷ്യപ്പെടുത്തുന്നു.

പണ്ഡിറ്റ് കെ.പി കറുപ്പനെ സംബന്ധിച്ചിടത്തോളം ഭാഷയാണ് ജനാധിപത്യകേരളം നിർമ്മിച്ചെടുക്കേണ്ട ആദ്യത്തെ പൊതുവിഭവം. അദ്ദേഹം പറയുന്നു: "ഭാഷാഭഗവതിയുടേതു മാത്രമാകുന്നു, മലയാളികൾക്ക് എല്ലാവർക്കും പ്രവേശനമനുവദിക്കപ്പെട്ടിട്ടുള്ള ഒരേയൊരു ക്ഷേത്രം. ചെറുശ്ശേരി, പൂനം, പൂന്താനം മുതലായ അന്തണവര്യന്മാർ കവന പുഷ്പാഞ്ജലി ചെയ്യുന്ന ദിക്കിൽ തുഞ്ചത്ത് എഴുത്തച്ഛനും കുഞ്ചൻ നമ്പ്യാർക്കും ഉണ്ണായിവാര്യർക്കും പ്രവേശവും കവനകുസുമാർച്ചനങ്ങളും നിഷിദ്ധമായിരുന്നില്ല. ആശാനും വള്ളത്തോളും ഉള്ളൂരും തോളോട് തോൾചേർന്ന് നിന്ന് ഈശ്വരാർച്ചനം നടത്തിയത് ഈ ക്ഷേത്രത്തിൽ മാത്രമാണ്. മുത്തിരിങ്ങോടിനും മൂർക്കോത്തു കുമാരനും പള്ളത്തിനും പിലാക്കുടിക്കും സി. അന്തപ്പായിക്കും സീതിസാഹിബിനും ഒരുമിച്ച് പ്രദക്ഷിണം വെച്ച് തൊഴാൻ സാധിക്കുന്ന ഈ സാഹിത്യക്ഷേത്രത്തിന്റെ മാഹാത്മ്യാതിശയങ്ങളെ പുകഴ്ത്തിത്തീർക്കുവാൻ പ്രയാസമാണല്ലോ." (കറുപ്പൻ, 2013: 174-75) കേരളത്തിന്റെ പൊതുസംസ്കാരം ഭാഷയിലധിഷ്ഠിതമായ ഒന്നായിരിക്കണമെന്നാണ് കറുപ്പന്റെ അഭിപ്രായം. മലയാളത്തെഒരുപുതിയപാരമ്പര്യമായിഗണിക്കണമെന്ന്അദ്ദേഹംപറയുന്നു. ജാതിസ്വത്വങ്ങളെ പുറംതള്ളി ഭാഷാസ്വത്വത്തിലേക്ക് ജനങ്ങൾ പ്രവേശിക്കുന്നത് പൗരത്വനിർമ്മിതിയുടെ ആദ്യപടവാണെന്ന് കറുപ്പൻ കരുതി.

മലയാളഭാഷ വളർന്നുകൊണ്ടിരിക്കുന്ന ഭാഷയാണെന്നും ആയതിനാൽ അതിന്റെ പോഷണത്തിന് ഇതരഭാഷകളുടെ സഹായം തേടേണ്ടത് അനിവാര്യമാണെന്നുമുള്ള അഭിപ്രായമാണ് മൂർക്കോത്ത് കുമാരൻ രേഖപ്പെടുത്തുന്നത്. ഒരു ഭാഷ വളരുന്നത് അവയ്ക്ക് ഇതരഭാഷകളുമായി നിരന്തരം സമ്പർക്കമുണ്ടാവുമ്പോഴാണ്. ഇംഗ്ലീഷ് ഭാഷ അങ്ങിനെയാണ് വളർന്നത്. "ഭാഷയുടെ വളർച്ചക്ക് അനുകൂലിക്കത്തക്ക വിധത്തിൽ ഇതര ഭാഷകളിൽ നിന്ന് പദങ്ങൾ സ്വീകരിച്ചുവരുന്ന സമ്പ്രദായത്തെപ്പറ്റി രണ്ട് വാക്ക് പറയേണ്ടിയിരിക്കുന്നു. ഇതിന് നാം ഇംഗ്ലീഷ് ഭാഷയെ ഉദാഹരണമായി എടുക്കുക. ഞാൻ ആദ്യം പറഞ്ഞ പ്രകാരം ഇംഗ്ലീഷ് ഭാഷ നിത്യം വളർന്നുകൊണ്ടിരിക്കുന്ന ഒരു ഭാഷയാകുന്നു. നിത്യം എന്ന് പറഞ്ഞത് അതിശയോക്തിയല്ല. നിമിഷം പ്രതി അതിൽ വാക്കുകൾ ചേർന്നുകൊണ്ടിരിക്കുന്നുണ്ട്. മഹാപരിഷ്കാരികളും വിദ്വാന്മാരും ശാസ്ത്രജ്ഞന്മാരുമായ ഇംഗ്ലീഷുകാർ ദിനംപ്രതി എന്നപോലെ പുതിയ ശാസ്ത്രതത്വങ്ങൾ കണ്ടുപിടിക്കുന്നു. ശാസ്ത്രീയപുസ്തകങ്ങൾ രചിക്കുന്നു. പുതിയ യന്ത്രങ്ങൾ ഉണ്ടാക്കുന്നു. പുതിയ സാധനങ്ങളെ കണ്ടറിയുന്നു. ഇവയെക്കുറിച്ച് പ്രതിപാദിക്കുവാൻ പുതിയ വാക്കുകൾ ആവശ്യങ്ങളായിത്തീരുന്നു. അവർ അത് എങ്ങനെയാണ് സാധിക്കുന്നത്? വൈദ്യം, പ്രകൃതിശാസ്ത്രം മുതലായ അനേകതരം ശാസ്ത്രങ്ങളിലേക്ക് ആവശ്യമായ സാങ്കേതികപദങ്ങളെ ലാറ്റിൻ, ഗ്രീക്ക് എന്നീ ഭാഷകളിൽനിന്നെടുത്ത് ഉപയോഗിക്കുന്നു. ആ ഭാഷകളിൽനിന്ന് മാത്രമേ ആ വക വാക്കുകൾ എടുക്കാവൂ എന്ന് നിർബന്ധമില്ല. ഹിന്ദുശാസ്ത്രസംബന്ധമായ ഒരു തത്വത്തെയാണ് ഇംഗ്ലീഷിൽ പ്രതിപാദിക്കേണ്ടതെങ്കിൽ സംസ്കൃതഭാഷയിലോ വേറെ വല്ല ഇന്ത്യൻ ഭാഷയിലോ ഉള്ള പദങ്ങളെ അവർ സ്വീകരിക്കുന്നു. "ചെഡാൻടിസം", "കർമ്മയോഗം", "നിർവ്വാണം" എന്നിങ്ങനെയുള്ള പദങ്ങൾ മാത്രമല്ല "ചോട്ടാഹസ്രി", "ചൊക്രം" മുതലായ പദങ്ങളും "പപ്പായ", "കഞ്ചി" എന്നീ പദങ്ങളും ഇംഗ്ലീഷ് നിഘണ്ടുവിൽ കാണാം. ഇംഗ്ലീഷുകാർക്കെന്നപോലെ ഇംഗ്ലീഷ് ഭാഷയ്ക്കും ജാതിവ്യത്യാസവും തീണ്ടലും ഇല്ല. നല്ലതെന്ന് കാണുന്നവയൊക്കെ അവർ സ്വീകരിച്ചുകൊള്ളും. അവരുടെ അഭിവൃദ്ധിക്കെന്നപോലെ അവരുടെ ഭാഷയ്ക്കുള്ള അഭിവൃദ്ധിക്കും സംഗതി അതാണെന്ന് സംശയമില്ല. എന്നാൽ മലയാളികൾ ചെയ്യുന്നതെന്താണെന്ന് നോക്കുക. സംസ്കൃതത്തിൽനിന്ന് മാത്രമേ പദങ്ങൾ എടുക്കാവൂ എന്ന് അവർക്കൊരു നിർബന്ധമുണ്ടെന്ന് തോന്നും. മറ്റുള്ള ഭാഷകളിൽനിന്നെടുക്കുന്ന വാക്കുകൾക്ക് ശബ്ദശുദ്ധി ഇല്ലെന്നും ജാതിഭ്രഷ്ടാണെന്നും കൂടി അവർ വിചാരിക്കുന്നുണ്ടോ എന്ന് സംശയമുണ്ട്." (സജീവ്, 2017: 385)

മനുഷ്യരുടെ വളർച്ചക്കെന്നപോലെ ഭാഷയുടെ വളർച്ചക്കും കലർപ്പാണ് പ്രധാനമെന്ന് മൂർക്കോത്ത് കരുതുന്നു. ആധുനിക വ്യവഹാരങ്ങൾക്ക് മലയാളഭാഷയെ പ്രാപ്തമാക്കണമെങ്കിൽ പ്രചലിതഭാഷകളുമായുള്ള അതിന്റെ സമ്പർക്കം വർധിപ്പിക്കണം. സംസ്കൃതത്തിന് ആധുനികസമൂഹത്തിലെ

വിനിമയങ്ങൾക്കകത്ത് സ്ഥാനമില്ല. ആയതിനാൽ ഗദ്യത്തിന്റെ വികാസത്തിന് സംസ്കൃതത്തെ ഒരു പരിധിക്കപ്പുറം ആശ്രയിക്കരുതെന്ന് മൂർക്കോത്ത് പറയുന്നു. പുതിയ കേരളത്തിന്റെ നിർമ്മിതിയിൽ ഭാഷാപരമായ 'ഉൗറവി' എത്ര പ്രധാനമാണെന്ന് മൂർക്കോത്ത് ഓർമ്മിപ്പിക്കുന്നു. ഈ കുറിപ്പിന്റെ തുടക്കത്തിൽ സൂചിപ്പിച്ചതുപോലെ ആധുനിക സമൂഹത്തിന്റെ സൃഷ്ടിയിൽ ഭാഷ വഹിക്കുന്ന പങ്കിനെക്കുറിച്ചാണ് നവോത്ഥാന ധൈഷണികർ സാമാന്യമായി ചിന്തിച്ചത്. ഭൂതകാലത്തിന്റെ ഗരിമയായല്ല, ഭാവിയുടെ കരുവായാണ് ഇവിടെ ഭാഷ വിഭാവനം ചെയ്യപ്പെട്ടതെന്നർത്ഥം. അസ്പൃശ്യതയും അയിത്തവും ഭാഷയുടെ കാര്യത്തിൽ പുലർന്നുകൂടാ. അത് ഭാഷയുടെ വളർച്ചയെ മുരടിപ്പിക്കും. ഇതാണ് മൂർക്കോത്തിന്റെ പക്ഷം. ശ്രീനാരായണ ദർശനത്താൽ പ്രചോദിതനായി ആശാൻപക്ഷപാതിയായി അറിയപ്പെട്ട എഴുത്തുകാരനാണല്ലോ മൂർക്കോത്തു കുമാരൻ. മാതൃഭാഷയെക്കുറിച്ചുള്ള അദ്ദേഹത്തിന്റെ വിചാരങ്ങളിലും ഈ നവോത്ഥാനദീപ്തി വെളിച്ചം വിതറുന്നത് കാണാം. ഇംഗ്ലീഷുമായുള്ള സമ്പർക്കമാണ് കേരളപാണിനിയേയും കേരളവർമ്മയേയും രൂപപ്പെടുത്തിയതെന്ന് ഇ.എം.എസ് ചൂണ്ടിക്കാണിക്കുന്നുണ്ട്. ഇംഗ്ലീഷിൽനിന്ന് മാത്രമല്ല ഏത് ഭാഷയിൽനിന്നും കടംകൊള്ളാൻ മലയാളം സന്നദ്ധത കാണിക്കണമെന്നും അപ്പോൾ മാത്രമേ ഭാഷ വളരൂ എന്നും അദ്ദേഹം പറയുന്നു. ജാതി-ജന്മി-നാടുവാഴി വ്യവസ്ഥയുടെ തുടലുകൾ പൊട്ടിച്ച് ബൂർഷ്വാ സാംസ്കാരിക നവോത്ഥാനം മുന്നേറിയപ്പോൾ മാതൃഭാഷയിലുണ്ടായ പുത്തനുണർവ്വിനെയാണ് ഏ. ആറും കേരളവർമ്മയും പ്രതിനിധീകരിക്കുന്നതെന്ന് ഇ.എം.എസ്. പറയുന്നു. എന്നാൽ ഭാഷയിലുണ്ടായ ഈ പുത്തനുണർവ്വിന് കേരളീയസമൂഹത്തെ മുഴുവനായി ഉൾക്കൊള്ളാൻ കഴിഞ്ഞിട്ടില്ലെന്നും ഇ.എം.എസ് പറയുന്നു. 'നമുക്കെഴുത്തച്ഛനെടുത്ത ഭാഷാക്രമക്കണക്കേ ശരണം' എന്ന നിലപാടിനോട് ആദ്ദേഹം വിയോജിക്കുന്നതും കാണാം: "ചെറുശ്ശേരിയേയും എഴുത്തച്ഛനേയും ജനകീയകവികളെന്ന് പറയാറുണ്ട്. അത് ശരിയുമാണ്. ആദ്യമായി നാട്ടുകാരുടെ സ്വന്തമായ സംസാരഭാഷയിൽ, അല്ലെങ്കിൽ വാമൊഴിയിൽ, ഏറ്റവും ഗഹനമായ ദാർശനികതത്വങ്ങൾ പോലും (ഉദാഹരണത്തിന് മഹാഭാരതത്തിലെ വിദുരവാക്യവും മറ്റും) ലളിതമായ മലയാളത്തിൽ എഴുതാൻ എഴുത്തച്ഛന് കഴിഞ്ഞു എന്നത് അനിഷേധ്യമായ സത്യമാണ്. പക്ഷെ, ചെറുശ്ശേരിയും എഴുത്തച്ഛനും അടക്കമുള്ള ഈ പുതിയ ജനകീയകവികൾ, അവരുടെ സാഹിത്യം, ശരിയായ അർത്ഥത്തിൽ ജനകീയമാണെന്ന് പറയാമോ? വയ്യ. ഭാഷ ജനകീയമാണ്. ഉള്ളടക്കവും ഒരർത്ഥത്തിൽ-ഇതേവരെ ഒരുപടി ഉയർന്നുനിൽക്കുന്ന പണ്ഡിതന്മാർക്കും ബുദ്ധിജീവികൾക്കും മാത്രം കിട്ടിക്കൊണ്ടിരുന്ന വിജ്ഞാനം സാധാരണക്കാർക്ക് പകർന്നുകൊടുക്കുന്നു എന്ന അർത്ഥത്തിൽ-ജനകീയം തന്നെ. പക്ഷേ എഴുത്തച്ഛന്റെ കൃതികൾ സമൂഹത്തിന്റെ ഏത് അതിരുവരെ പോയിട്ടുണ്ട്? ഹിന്ദുക്കൾ അല്ലാത്തവർക്ക്

സ്വന്തമാണെന്ന് തോന്നുന്ന ഒരു സംസ്കാരമാണോ അത്? ഹിന്ദുക്കളിൽ തന്നെ അധഃകൃതജാതിക്കാരില്ലേ? അവരുടെയിടയിൽ രാമായണത്തിന് എത്രമാത്രം പ്രചാരമുണ്ട്? അവരുടെ മേലെയുള്ള അവർണജാതിക്കാരിൽ ഒരു വിഭാഗത്തിനിടയിൽ ഒരതിരുവരെ പ്രചാരമുണ്ടായിരിക്കാം. പക്ഷേ അതിനും പരിമിതികളുണ്ട്." (ഇ.എം.എസ്., 1998: 240) ഇത്തരത്തിൽ ഭാഷയിലെ നവീകരണത്തിൽ എക്കാലത്തും പരിമിതികൾ നിലനിന്നതായി ഇ.എം.എസ്. നിരീക്ഷിക്കുന്നു. ബൂർഷ്വാ സാമൂഹ്യനവോത്ഥാനം സൃഷ്ടിച്ച രണ്ട് മാതൃകകളാണ് വെണ്മണികളുടേതും ആശാന്റേതും. ഇവ തമ്മിലുള്ള സംഘർഷത്തിൽ മലയാളം ഏതിന്റെ വഴിയിൽ വരുമെന്നത് നിർണായകമാണ്. ഓരോ ഘട്ടത്തിലും സമൂഹത്തിലെ മാറ്റിനിർത്തപ്പെട്ട ഗണങ്ങളെ ഭാഷയിലേക്ക് ഉൾച്ചേർക്കാൻ കഴിയുമോ എന്ന ചോദ്യമാണ് ഭാഷാനവീകരണത്തിൽ പ്രധാനമെന്ന് ഇ.എം.എസ് ചൂണ്ടിക്കാണിക്കുന്നു.

പിന്നീട് ദേശീയപ്രസ്ഥാനവും തൊഴിലാളിവർഗ്ഗപ്രസ്ഥാനങ്ങളും പ്രസരിപ്പിച്ച ആശയങ്ങൾക്ക് ഉണ്മ നൽകാൻ കഴിയുംവിധം മലയാള ഭാഷ വികസിക്കുന്നതാണ് നാം കണ്ടത്. എന്നാൽ ഭാഷാവികാസത്തെ ശരിയായ രീതിയിൽ ആസൂത്രണം ചെയ്യാനുള്ള പദ്ധതികളില്ലെന്നതാണ് വാസ്തവമെന്നും ഇ.എം.എസ്. പറയുന്നു. ഇ.എം.എസിന്റെ സങ്കൽപത്തിൽ കേരളസമൂഹത്തെ പുതുക്കിപ്പണിയുന്നതിൽ നിർണ്ണായക പങ്കു വഹിക്കുന്ന ഒന്നാണ് മലയാളഭാഷ. മറ്റെല്ലാ വികസനപ്രവർത്തനങ്ങളുടെ കാര്യത്തിലുമെന്നപോലെ ഭാഷയുടെ കാര്യത്തിലും ആസൂത്രണം വേണമെന്ന സങ്കൽപ്പത്തിലേക്ക് മലയാളികൾ ഉണരുന്നത് നവോത്ഥാന യത്നങ്ങളുടെ ഭാഗമായാണ്. അതായത് ഭാഷാസൂത്രണം മലയാളികൾക്ക് ഒരു അക്കാദമികവിഷയമല്ല, നവോത്ഥാനപ്രമേയമാണെന്ന് സാരം.

ഇംഗ്ലീഷുമായുള്ള സമ്പർക്കം മലയാളത്തിനുണ്ടാക്കിയ ഉണർവിനെ അംഗീകരിച്ചുകൊണ്ടുതന്നെ ഉന്നതവിദ്യാഭ്യാസരംഗത്ത് മലയാളം അധ്യയനമാധ്യമമാക്കുന്നതിനുള്ള പദ്ധതി പലരും നിർദ്ദേശിച്ചിട്ടുണ്ട്. ജോസഫ് മുണ്ടശ്ശേരി, ജി. ശങ്കരക്കുറുപ്പ് തുടങ്ങി പലരും ഇക്കാര്യത്തിൽ വ്യക്തമായ നിർദ്ദേശങ്ങൾ നൽകുകയുണ്ടായി. ഇത്ര ദീർഘമായ സംവാദം ഈ മേഖലയിൽ നടന്നിട്ടും ഉന്നതവിദ്യാഭ്യാസരംഗത്ത് ഇപ്പോഴും ഇംഗ്ലീഷാധിപത്യം തുടരുന്നതെന്തുകൊണ്ട് എന്ന ചോദ്യം പ്രധാനമാണ്. വിമർശനാത്മക ചിന്ത വികസിപ്പിക്കുക എന്നതാണ് വിദ്യാഭ്യാസത്തിന്റെ ലക്ഷ്യമെങ്കിൽ താൻ പഠിക്കുന്ന കാര്യങ്ങളെ അവയുടെ പ്രചലിതസന്ദർഭവുമായി ചേർത്തുവെക്കാനുള്ള കഴിവ് ഒരു കുട്ടി ആർജ്ജിക്കേണ്ടതുണ്ട്. ഈ കഴിവ് മാതൃഭാഷയിലൂടെയുള്ള ബോധനത്തിലൂടെ മാത്രമേ ആർജ്ജിക്കാനാവൂ. എന്നാൽ ഉപകരണാത്മകയുക്തിയും ആധിശവർഗതാൽപര്യങ്ങളുമാണ് വിദ്യഭ്യാസത്തെ നിർണ്ണയിക്കുന്നതെങ്കിൽ അറിവിനെ കഴിവുളും അപ സന്ദർഭവൽക്കരിക്കാനുള്ള ശ്രമമായിരിക്കും നടക്കുക. യഥാർത്ഥത്തിൽ

സ്വാതന്ത്ര്യാനന്തര ഇന്ത്യയിൽ മാതൃഭാഷയ്ക്കനുകൂലമായ ഭാഷാസൂത്രണം പരാജയപ്പെട്ടതിനുപിന്നിൽ ഇന്ത്യയിൽ നിലനിൽക്കുന്ന വർണ്ണ-വർഗ്ഗ താൽപര്യങ്ങളുടെ ശക്തമായ സ്വാധീനമുണ്ടെന്ന് മനസ്സിലാകും. അതായത് നവോത്ഥാനകാലത്ത് ഉയർന്നുവന്ന 'ഭാഷാസൂത്രണ'മെന്ന ആശയം സ്വാതന്ത്ര്യാനന്തരകാലത്ത് അട്ടിമറിക്കപ്പെടുകയാണുണ്ടായത്.

## മൂന്ന്

കൊളോണിയൽ അധികാരം നിലനിന്ന സമൂഹങ്ങളിൽ മാതൃഭാഷയുടെ പദവിയെക്കുറിച്ചുള്ള ചർച്ചയ്ക്ക് മറ്റൊരു മാനം കൂടിയുണ്ട്. സാമ്രാജ്യത്വാധിപത്യത്തിന് ഭാഷയുടേതായ ഒരു വഴികൂടി ഉണ്ടായിരുന്നു. ഇംഗ്ലീഷ് ഭാഷ പ്രധാനപ്പെട്ട ഒരു സാംസ്കാരികവിഭവമായി മാറുകയും അത് ചിലർക്ക് മാത്രം പ്രാപ്യമാവുകയും ചെയ്തത് കൊളോണിയൽ കാലത്താണ്. പലതരം ദാരിദ്ര്യങ്ങൾക്കൊപ്പം ഭാഷാദാരിദ്ര്യവും സൃഷ്ടിക്കപ്പെട്ടു. കൊളോണിയലിസം ഔപചാരികമായി അവസാനിച്ചിട്ടും ഭാഷാപരമായ അടിമത്തം മാറ്റമില്ലാതെ തുടർന്നു. സാമ്രാജ്യത്വത്തിന്റെ ഒരു ഭൂതമായി ഇംഗ്ലീഷ് കോളനികളെ വേട്ടയാടുന്നത് തുടർന്നു.

ഇംഗ്ലീഷിനോടുള്ള ദാഹം കോളണി രാജ്യങ്ങളിൽ പ്രബലമായിത്തുടരുന്നു എന്നതുകൂടി പരിഗണിച്ചുകൊണ്ടുവേണം മാതൃഭാഷയുടെ രംഗത്തുള്ള ആസൂത്രണം നിർവ്വഹിക്കാൻ. കൊളോണിയൽ കാലത്ത് ഇംഗ്ലീഷ് വിദ്യാഭ്യാസം മലയാളിയെ ലോകവുമായി ബന്ധിപ്പിക്കുന്നതിൽ പ്രധാന പങ്ക് വഹിച്ചു എന്ന കാര്യത്തിൽ തർക്കമില്ല. അക്കാലത്ത് ആ 'ഭാഷയല്ലാതെ മറ്റൊന്നും ഇന്ത്യക്കാർക്ക് ലഭ്യമായിരുന്നില്ല. കൊളോണിയൽ യജമാനന്റെ 'ഭാഷ ആർജ്ജിച്ചെടുക്കുക എന്നത് മാത്രമായിരുന്നു കരണീയം. എന്നാൽ നിരവധി ഭാഷകളെ ലോകഭാഷകളായി പരിഗണിക്കാമെന്നിരിക്കെ സ്വാതന്ത്ര്യാനന്തരഘട്ടത്തിലും ഇംഗ്ലീഷിന്റെ ഭൂതം നമ്മെ പൊതിഞ്ഞുനിൽക്കുന്നതെന്തുകൊണ്ട് എന്ന ചോദ്യം പ്രസക്തമാകുന്നു. ലോകത്ത് വളരെക്കുറച്ച് രാജ്യങ്ങളിൽമാത്രമേ ഇംഗ്ലീഷ് പ്രധാന വിനിമയഭാഷയായി അംഗീകരിക്കപ്പെട്ടിട്ടുള്ളൂ. എന്നിട്ടും ഇംഗ്ലീഷ് ലോകഭാഷയാണെന്ന ഒരു വ്യാജപ്രതീതി നിലനിൽക്കുന്നു.

നവലിബറൽ കാലത്ത് അമേരിക്കൻ സാമ്ര്യാജ്യത്വം തങ്ങളുടെ അധികാരമുറപ്പിക്കുന്നതിനായി ഇംഗ്ലീഷിനെ ഉപയോഗപ്പെടുത്തുന്നുണ്ടെന്ന് റോബർട്ട് ഫിലിപ്സൻ നിരീക്ഷിക്കുന്നുണ്ട്. ഇതുവഴി വിഭവങ്ങളുടെ മുകളിൽ കൂടുതൽ അധികാരം സ്ഥാപിക്കാൻ അമേരിക്കക്ക് കഴിയുന്നു. നവലിബറൽ കാലം നവസാമ്രാജ്യത്വത്തിന്റെ കാലംകൂടിയാണെന്ന് നിരീക്ഷിക്കപ്പെട്ടിട്ടുണ്ട്. സൈനികമായല്ല ഘടനാപരമായും പ്രത്യയശാസ്ത്രപരമായുമാണ് പുതുകാലത്ത് സാമ്പത്തികശക്തികൾ അധീശത്വം സൃഷ്ടിക്കുന്നതും നിലനിർത്തുന്നതും. അതിന് അടിപണിയുന്ന ഉപാധികളിലൊന്ന് ഭാഷയാണ്.

മനുഷ്യരെ വർഗ്ഗീകരിക്കുന്നതുപോലെ ഭാഷകളേയും നാം വർഗ്ഗീകരിക്കുന്നു. ഭാഷയല്ലാത്ത ഏതോ ശബ്ദം പുറപ്പെടുവിക്കുന്നവർ എന്ന അർത്ഥത്തിലാണ് ഒരു കാലത്ത് 'ബാർബേറിയൻ' എന്ന വാക്ക് ഉപയോഗിച്ചിരുന്നത്. ഗ്രീക്കല്ലാത്ത ഭാഷ സംസാരിക്കുന്നവരെല്ലാം 'ബാർബേറിയൻസാ'യിരുന്നുവത്രേ. 'ശ്രേഷ്ഠഭാഷയല്ലാത്തവക്കെല്ലാം ഭാഷാഭേദപദവിയേ കൽപ്പിച്ചിരുന്നുള്ളൂ. ചില ഭാഷകൾക്കുമാത്രം ദേവഭാഷാപദവി നൽകി. സംസ്കൃതം, അറബിക്, ഡച്ച് ഭാഷകൾക്കെല്ലാം ഈ സൗഭാഗ്യം സിദ്ധിച്ചു. ജർമ്മൻ വംശശുദ്ധിയുടെ ഭാഷയായപ്പോൾ ഫ്രഞ്ച് പ്രബുദ്ധതയുടെ ഭാഷയായി. പുരോഗതിയുടേയും ആധുനികതയുടേയും ഭാഷയായി ഇംഗ്ലീഷ് അവരോധിക്കപ്പെട്ടു. ഇങ്ങനെ ഭാഷകളെ സവിശേഷപദവികളിൽ അവരോധിക്കുന്നത് അധിനിവേശത്തിന്റെ പ്രബലയുക്തികളിലൊന്നാണ്. ഭാഷകളുടെ വൈവിദ്ധ്യത്തെ നിരാകരിക്കുകയും ഏകഭാഷയുടെ യുക്തിയിലേക്ക് സമൂഹത്തെ ന്യൂനീകരിക്കുകയും ചെയ്യുന്നത് ഭാഷാപരമായ സാമ്രാജ്യത്വത്തിന്റെ സവിശേഷതയാണെന്ന് ഫിലിപ്സൺ പറയുന്നുണ്ട്. (Phillipson, 1992: 3) കീഴൊതുക്കപ്പെട്ടവരുടെ ഭാഷ ദുർബ്ബലമാണെന്ന ബോധം അവരിൽത്തന്നെ ജനിപ്പിച്ചുകൊണ്ടാണ് ഭാഷാസാമ്രാജ്യത്വം പ്രവർത്തിച്ചത്. ഈ അധമബോധത്തിൽനിന്ന് മാതൃഭാഷകളെ പുറത്തുകടത്താനുള്ള ശ്രമങ്ങൾ അതുകൊണ്ടുതന്നെ അതത് രാജ്യങ്ങളിലെ ദേശീയപ്രസ്ഥാനത്തിന്റെ ഭാഗമായിത്തീർന്നു. കേരളത്തിൽ മാതൃഭാഷക്കുവേണ്ടി നടന്ന സമരങ്ങളും വ്യത്യസ്തമല്ല. ഇംഗ്ലീഷിനെ അപരമായിക്കണ്ടുകൊണ്ട് മാതൃഭാഷാഭിമാനത്തിന്റെ പേരിൽ മലയാളത്തിന് വേണ്ടി ശബ്ദിച്ചവരല്ല കേരളത്തിലെ നവോത്ഥാനപ്രവർത്തകർ. മലയാളത്തെ ശാസ്ത്രമുൾപ്പെടെയുള്ള വ്യവഹാരങ്ങൾക്ക് പ്രാപ്തമാക്കുക എന്നതായിരുന്നു അവരുടെ ലക്ഷ്യം. ഭാഷയിലുള്ള ആത്മവിശ്വാസം രാഷ്ട്രീയമായ ആത്മവിശ്വാസത്തിന്റെ ആത്മാവാണെന്ന് അവർക്ക് അറിയാമായിരുന്നു. ലോകബാങ്ക് ഏഷ്യൻ -ആഫ്രിക്കൻ രാജ്യങ്ങളിലെ പ്രാഥമിക വിദ്യാഭ്യാസം മെച്ചപ്പെടുത്തുന്നതിനുവേണ്ടി പദ്ധതികളാരംഭിച്ചപ്പോൾ ഏറ്റവും നിർണ്ണായകമായ ബോധനമാദ്ധ്യമത്തെക്കുറിച്ച് മൗനം പാലിച്ചത് ഭാഷാസാമ്രാജ്യത്വത്തിന്റെ അജണ്ട അതിൽ പ്രവർത്തിച്ചതുകൊണ്ടാണെന്ന് മസ്രൂയി അഭിപ്രായപ്പെടുന്നുണ്ട്. ഇവിടെ ഇംഗ്ലീഷ് അടിച്ചേൽപ്പിക്കപ്പെടുകയല്ല, രക്ഷപ്പെടാനുള്ള ഒരു 'ചോയ്സാണ്' എന്ന് വന്നിരിക്കുന്നു. അതോടെ അടിമത്തംതന്നെ സ്വാതന്ത്ര്യമായി പരിഗണിക്കപ്പെടുന്ന സ്ഥിതി സംജാതമാകുന്നു. സാമൂഹ്യമായ ഉദ്ഗതിയുടെ മാനകമായി ഇംഗ്ലീഷ് ഇപ്പോഴും കോളനിരാജ്യങ്ങളിൽ തുടരുന്നു എന്നതാണ് പ്രത്യേകത. കൊളോണിയൽ കാലത്തേതിനേക്കാൾ സാമൂഹ്യഗണങ്ങൾക്കിടയിൽ വിവേചനം സൃഷ്ടിക്കുന്നതിൽ ഇംഗ്ലീഷ് വിജയിച്ചിരിക്കുന്നുവെന്നതാണ് യാഥാർത്ഥ്യം. ഭാഷാസാമ്രാജ്യത്വം എന്നതിനെ സന്ദർഭനിഷ്ഠമായാണ് മനസ്സിലാക്കേണ്ടത്. അത് കൊളോണിയൽ കാലത്ത് പ്രവർത്തിച്ചതുപോലെയല്ല

കോളണിയനന്തര ഘട്ടത്തിൽ പ്രവർത്തിക്കുന്നത്. എന്നാൽ എക്കാലത്തും സ്വന്തം ഭാഷയോട് അവജ്ഞ സൃഷ്ടിച്ചുകൊണ്ടാണ് അത് പ്രവർത്തിക്കുന്നത്. സിംഗപ്പൂരിൽ ഇംഗ്ലീഷ് മാധ്യമത്തിലൂടെയുള്ള വിദ്യാഭ്യാസം വ്യാപകമായി പ്രോൽസാഹിപ്പിക്കപ്പെട്ടതോടെ മാതൃഭാഷ പൂർണ്ണമായും തിരസ്കരിക്കപ്പെട്ടതായി ഫിലിപ്സൺ നിരീക്ഷിക്കുന്നു. ലോകസാഹചര്യത്തിൽ മാത്രമാണ് ഇംഗ്ലീഷ് സാമ്രാജ്യത്വത്തിന്റെ 'ാഷയായി തുടരുന്നത്. ദേശീയതകൾക്കകത്തുവെച്ച് പരിശോധിച്ചാൽ അതത് ദേശങ്ങൾക്കകത്ത് ആധിപത്യം ചെലുത്തുന്ന വിഭാഗങ്ങളുടെ ഭാഷ അധിനിവേശ ഭാഷയായി പ്രവർത്തിക്കുന്നതായും ഫിലിപ്സൺ നിരീക്ഷിക്കുന്നുണ്ട്.

ഇ.എൽ.ടി എന്ന പേരിൽ ഇന്ന് മൂന്നാംലോക രാജ്യങ്ങളിൽ വ്യാപിക്കുന്ന ഇംഗ്ലീഷ് പഠനപദ്ധതിയെക്കുറിച്ചുള്ള വിമർശമാണ് റോബർട്ട് ഫിലിപ്സൺ നിർവ്വഹിക്കുന്നത്. നമ്മുടെ കോളേജുകളിലും സർവ്വകലാശാലകളിലും ഇംഗ്ലീഷ് പഠനം 'കമ്മ്യൂണിക്കേറ്റീവ് ഇംഗ്ലീഷായി മാറുന്നതും നമ്മുടെ ശ്രദ്ധയിൽ വന്നിട്ടുണ്ടല്ലോ! ഇതെല്ലാം സംഭവിക്കുന്നത് നവ-ഉദാരവൽക്കരണനയങ്ങളുടെ കാലത്താണ് എന്നതുതന്നെയാണ് ഭാഷാപരമായ സാമ്രാജ്യത്വം എന്ന ആശയത്തെ ബലപ്പെടുത്തുന്നത്. പുതിയ സാമ്പത്തികക്രമത്തിലേക്ക് ഇംഗ്ലീഷിനെ രാഷ്ട്രീയമായി കടത്തിക്കൊണ്ടുവരുന്ന ഒരു പാഠ്യപദ്ധതിയാണ് ഇ.എൽ.ടി എന്ന് ഫിലിപ്സൺ പറയുന്നു. (Phillipson, 1992: 11) ഭാഷാദാരിദ്ര്യം തീർക്കാനുള്ള വഴിയായിട്ടാണ് ഇ.എൽ.ടി വിഭാവനം ചെയ്യപ്പെട്ടത്. എല്ലാവർക്കും ഇംഗ്ലീഷ് എന്നതായിരുന്നു ഇതിന്റെ പ്രഖ്യാപിത ലക്ഷ്യം. നമ്മുടെ നാട്ടിൽ 'സോഫ്റ്റ് സ്കിൽ' എന്ന പേരിൽ ഇംഗ്ലീഷ് ഭാഷ എളുപ്പത്തിൽ പഠിക്കാനുള്ള പരിശീലനമാണ് നൽകിക്കൊണ്ടിരിക്കുന്നത്. മാതൃഭാഷയുടെ ചെലവിലാണ് ഇതൊക്കെ നടന്നുകൊണ്ടിരിക്കുന്നത് എന്ന കാര്യം അധികമാരും കാര്യമാക്കാറില്ല. ഇംഗ്ലീഷ് അദ്ധ്യയനത്തിന് ചേർന്ന പാഠ്യപദ്ധതി രൂപപ്പെടുത്തി ലോകം മുഴുക്കെ കയറ്റുമതി ചെയ്യുക എന്നതാണ് ഈ പദ്ധതി. ആധുനികതയുടേയും സാങ്കേതികവിദ്യയുടേയും ഭാഷയായി ഇംഗ്ലീഷ് സ്ഥാനപ്പെടുന്നതോടെ മാതൃഭാഷ ഗൃഹാതുരമായ കാമന മാത്രമായി ഒതുങ്ങുന്നു. പ്രയോജനമേതുമില്ലാത്തതും കാരണവൻമാർ ബാക്കിവെച്ച് പോയതുമായ പഴയ നാണയ ശേഖരം പോലെ അത് നമ്മുടെ വിഭവങ്ങൾക്കിടയിൽ എടുക്കാച്ചരക്കായി തടസ്സം സൃഷ്ടിക്കുന്നു. ആയതിനാൽ ന്യൂ ജനറേഷൻ കോഴ്സുകളിൽനിന്ന് നാം കഴിവതും മാതൃഭാഷയെ സൗകര്യപൂർവ്വം മാറ്റി നിർത്തുന്നു. കൈപ്പണിക്കാരാകാൻ ഉദ്ദേശിച്ചിട്ടുള്ളവർക്ക് കൈപ്പണിയുടെ ഭാഷ അറിഞ്ഞാൽ മതിയാകുമല്ലോ. വിമർശചിന്തയും അനുഭൂതിവിശേഷങ്ങളും ഒഴിവാക്കിയുള്ള പാഠ്യപദ്ധതിയിൽ മാതൃഭാഷക്ക് പ്രത്യേകിച്ച് സാംഗത്യമൊന്നുമില്ല. ആകെയുള്ള സാദ്ധ്യത സാങ്കേതികവിദ്യക്കനുകൂലമായി ഭാഷയെ അനുനയിപ്പിക്കുക എന്നതാണ്. അങ്ങിനെവന്നാൽ കമ്പോളത്തിൽ അതിന്

പരിമിതമായ തോതിൽ ചരക്ക്ഭാഷ എന്ന ധർമ്മം നിർവ്വഹിക്കാൻ കഴിഞ്ഞേക്കാം. അത്തരം നൂതന പദ്ധതികളാണ് മാതൃഭാഷാ പഠനവിഭാഗങ്ങളിൽ ഇപ്പോൾ പരീക്ഷിക്കപ്പെടുന്നത്. വിമർശാവബോധവും അനുഭൂതിവിശേഷങ്ങളും നാമിന്ന് മതാത്മകതക്ക് അടിയറ വെച്ചിരിക്കുന്നു. ആയതിനാൽ അവരാണ് ഇന്ന് മലയാള ഭാഷയുടെ വ്യാവഹാരികതയിൽ പുതിയ പരീക്ഷണങ്ങൾ നിർവ്വഹിച്ചുകൊണ്ടിരിക്കുന്നത്. ശാസ്ത്രം-സാമൂഹ്യശാസ്ത്രം -സൗന്ദര്യശാസ്ത്രം തുടങ്ങിയ വ്യവഹാരങ്ങൾ മലയാളത്തിൽ ഇന്നും ദുർബ്ബലമായി തുടരുന്നു. പതിറ്റാണ്ടുകൾ നീണ്ട ഭാവനക്ക് ഒട്ടും മുന്നേറാനായില്ല എന്നതാണ് വാസ്തവം. വിഭവങ്ങൾക്കായുള്ള യുദ്ധത്തിന്റെ ഭാഗമാണ് ഭാഷാസമരങ്ങൾ എന്ന് എപ്പോഴാണാവോ നാം തിരിച്ചറിയാൻ പോകുന്നത്?

ഇതുവരെ ചർച്ച ചെയ്ത കാര്യങ്ങളെ ഇപ്രകാരം ക്രോഡീകരിക്കാം. 1) മലയാളത്തിൽ ഭാഷാപദവിയുമായി ബന്ധപ്പെട്ട ചർച്ചകൾ രാഷ്ട്രീയ ദേശീയതയുടെ ഭാഗമായാണ് ഉയർന്നുവന്നത്. സാംസ്ക്കാരിക ദേശീയവാദത്തിന് ഇക്കാര്യത്തിൽ വലിയ മേൽക്കോയ്മ കിട്ടിയിട്ടില്ല. 2) സാമൂഹിക നവോത്ഥാനത്തിനായി യത്നിച്ചവരെല്ലാം അവരുടെ പ്രവർത്തനങ്ങളുടെ ഏതെങ്കിലും ഘട്ടങ്ങളിൽ ഭാഷയെക്കുറിച്ചുള്ള ഗഹനമായ വിചാരങ്ങൾ നിർവ്വഹിച്ചിട്ടുണ്ട്. ഭാഷയെ ഭാവിസമൂഹത്തിന്റെ നിർമ്മാണഘടകമായാണ് ഇവരെല്ലാം പൊതുവെ മനസ്സിലാക്കിയിട്ടുള്ളത്. 3)കേരളത്തിലെ അക്കാദമികസ്ഥാപനങ്ങളോ ഭരണകൂടസ്ഥാപനങ്ങളോ ഭാഷാസൂത്രണത്തെക്കുറിച്ചുള്ള ചർച്ചകൾ ആരംഭിക്കുന്നതിനുമുമ്പുതന്നെ സാമൂഹ്യസംഘടനകളും അതിന് നേതൃത്വം നൽകിയ വ്യക്തികളുമാണ് ഈ ദിശയിൽ ശ്രദ്ധേയമായ അഭിപ്രായങ്ങൾ രേഖപ്പെടുത്തിയിട്ടുള്ളത്. അവയൊന്നും പ്രവൃത്തി പഥത്തിലെത്തിക്കാൻ കേരളീയസമൂഹം ജാഗ്രത പുലർത്തിയിട്ടില്ല. 4) സമകാല ലോകസാഹചര്യത്തിൽ ഭാഷാസാമ്രാജ്യത്വം പുതിയ രൂപത്തിൽ കടന്നുവന്നിരിക്കുന്നു. ഈ സാഹചര്യത്തെ ആശയപരമായും പ്രായോഗികമായും പരാജയപ്പെടുത്താനുള്ള രാഷ്ട്രീയ ഇച്ഛാശക്തി പ്രകടിപ്പിക്കാതെ മൂന്നാംലോക ജനതക്ക് ഈ അടിമത്തത്തിൽനിന്ന് പുറത്തുകടക്കാനാവില്ല.

## സഹായകഗ്രന്ഥങ്ങൾ


* ഇ.എം.എസ്. നമ്പൂതിരിപ്പാട്, തെരഞ്ഞെടുത്ത പ്രബന്ധങ്ങൾ, കേരളസാഹിത്യ അക്കാദമി, തൃശ്ശൂർ, 1998.
* പണ്ഡിറ്റ് കെ.പി. കറുപ്പൻ, ജാതിക്കുമ്മിയും മറ്റു പ്രധാനകൃതികളും, ഡി.സി ബുക്സ്, കോട്ടയം, 2013.
* പവിത്രൻ, പി., മാതൃഭാഷയ്ക്കുവേണ്ടിയുള്ള സമരം, മലയാള ഐക്യവേദി, ചെറുതുരുത്തി, 2014.

* ഭട്ടതിരിപ്പാട്, വി.ടി., വി.ടി.യുടെ സമ്പൂർണകൃതികൾ, ഡി.സി. ബുക്സ്, കോട്ടയം, 2015.
* രാജരാജവർമ്മ, ഏ.ആർ., പ്രബന്ധസംഗ്രഹം, കേരളസാഹിത്യ അക്കാദമി, 1989.
* ശങ്കരക്കുറുപ്പ്, ജി., ജി.യുടെ ഗദ്യലേഖനങ്ങൾ, സുലഭ ബുക്സ്, തൃശ്ശൂർ, 2000.
* ഷീജ, എം.പി., സഹോദരൻ അയ്യപ്പൻ - ജീവിതവും കൃതികളും, മൈത്രി ബുക്സ്, തിരുവനന്തപുരം, 2010.
* സജീവ്, പി.വി.,(എഡി.), മൂർക്കോത്തിന്റെ സാഹിത്യവിമർശനങ്ങൾ, സാഹിത്യ പ്രവർത്തക സഹകരണസംഘം, കോട്ടയം 2017.
* സാമുവൽ ചന്ദനപ്പള്ളി, റവ. ജോർജ്ജ് മാത്തൻ കൃതികളും പഠനവും, ഓറിയന്റൽ റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ട്, ചന്ദനപ്പള്ളി, 1992.
* Aloysius, G., Nationalism Without a Nation, Oxford University Press, New Delhi, 2017.
* Phillipson, Robert., Linguistic Imperialism, Oxford University Press, New Delhi, 1992.